# അദ്ധ്യായം 4

# പൗലൊസിന്റെ പ്രതിരോധവും അനുവദിക്കാതിരിക്കലും

കൊരിന്ത്യ സഭയിൽ ഭിന്നത ഭവിച്ചു. മാനുഷ ജ്ഞാനത്തിൽ ഊന്നൽ കൊടുത്തതിനാലായിരുന്നു ഭിന്ന സംഘങ്ങൾ ഉടലെടുത്തത്. ഏതാനും വർഷങ്ങൾക്ക് മുൻപ് താൻ പ്രസംഗിച്ച സുവിശേഷത്തിലേക്ക് തിരിച്ചുവരുന്നതിന് പൗലൊസ് അവരെ തിരുത്തുകയായിരുന്നു.

ഭിന്നിപ്പ് കൈകാര്യം ചെയ്യുന്നതിന് പൗലൊസിന് വിഷമം നേരിട്ടിരുന്നു, അതോടൊപ്പം മറ്റു പ്രശ്നങ്ങളും പരിഹരിക്കുവാനായി ഉണ്ടായിരുന്നു. അവൻ അതിൽ വ്യക്തിപരമായി ഇടപെടേണ്ടിയിരുന്നു. ചിലർ പൗലൊസിന്റെ അധികാരത്തതെ എതിർത്തിരുന്നു. ക്രമേണ, അപ്പൊസ്തലന് തന്നെ കുറിച്ചു തന്നെ പറയാൻ നിർബ്ബന്ധിതനായി —കർത്തതാവുമായുള്ള അവന്റെ ബന്ധവും, കൊരിന്ത്യ സഭയുമായുള്ള അവന്റെ തുടർച്ചയായ ബന്ധവും.

ആ പ്രശ്നത്തോടുള്ള അപ്പൊസ്തലന്റെ സമീപനം, ഇന്നത്തെ സഭകൾക്ക് സൂചനകൾ നൽകുന്നു. പ്രത്യേകിച്ച്, മുൻവിധി കൂടാതെ നിഷ്പ്പക്ഷമായി സത്യം അന്വേഷിക്കുന്നവർക്ക് അത് പ്രയോജനം ചെയ്യും. എങ്ങനെയായാലും, അത്തരം ഭിന്നിപ്പ്, ദൈവത്തെ അന്വേഷിക്കുന്നവർക്ക്, വിശേഷിച്ച് അവനുമായി ബന്ധപ്പെടുവാൻ ആഗ്രഹിക്കുന്നവർക്ക് ഒരു ബാദ്ധ്യതയാവും.

ഒരാളുടെ ജീവിതം പരിശോധിച്ചാൽ, അയാൾ ദൈവിക സത്യം സ്വീകരിച്ചോ എന്നു നമുക്ക് കാണുവാൻ കഴിയും. മനുഷ്യന് എന്താണെന്ന് അറിയുവാൻ ആഴത്തിലിറങ്ങിയാൽ, ഒരാൾ മറ്റുള്ളവരോട് എങ്ങനെ ഇടപെടുന്നു, ദൈവം ആവശ്യപ്പെടുന്നത്, അയാളുടെ ജീവിതം എവിടേക്ക് പോകുന്നു, വേർപെട്ടു നിൽക്കുന്ന കാഴ്ച്ചപ്പാട് എന്നിവ കാണാം. ആ ചോദ്യങ്ങളിൽ വ്യക്തിപരമായ സമർപ്പണം ഉൾപ്പെടുന്നു. ഒരു ആത്മിയ അദ്ധ്യക്ഷൻ വിഷയത്തിൽനിന്നു വേർപെട്ടാൽ, മറ്റുള്ളവരെ പ്രചോദിപ്പിക്കുന്നതിൽ പരാജയപ്പെടുന്നതും, ക്ഷമിക്കപ്പെടാത്തതുമാണ്.

കൊരിന്ത്യർക്കു എഴുതിയ ലേഖനത്തിൽ, ക്രിസ്തുവിന് എല്ലാറ്റിലും മഹത്വം കൊടുക്കുന്നതായിരുന്നു പൗലൊസിന്റെ സമർപ്പണം. അത് പാപികളെ ദൈവത്തോട് നിരപ്പിക്കുകയാണ്. സഭ തന്നെ കുറിച്ചു ചിന്തിക്കുന്നത്അവൻ വ്യക്തിപരമായി, അവർ ദൈവത്തെ അനുസരിക്കുന്നതും, ക്രിസ്തുവിൽ പ്രത്യാശ അർപ്പിക്കുവാൻ പ്രബോധിപ്പിക്കുകയായിരുന്നു. അതു ചെയ്യുവാൻ അപ്പൊസ്തലന് പ്രയാസം നേരിട്ടുവെങ്കിലും, വിമർശനങ്ങളെ നേരിട്ട്, തന്റെ ശുശ്രൂഷയെ പ്രതിരോധിക്കയും ചെയ്തു.

### ദാസ്യത്യത്തിനെതിരായ അഹങ്കാര വിധി (4:1-5)

**[1]ഞങ്ങളെ ക്രിസ്തുവിന്റെ ശുശ്രൂഷക്കാരും ദൈവ മർമ്മങ്ങളുടെ ഗൃഹവിചാരകന്മാരും എന്നിങ്ങനെ ഓരോരുത്തൻ എണ്ണിക്കൊള്ളട്ടെ. [2]ഗൃഹവിചാ**

**രകന്മാരിൽ അന്വേഷിക്കുന്നതോ അവർ വിശ്വസ്തരായിരിക്കണം എന്നത്രെ. [3]നിങ്ങളോ മനുഷ്യർ കഴിക്കുന്ന വല്ല വിസ്താരത്തിലോ എന്നെ വിധിക്കുന്നത് എനിക്ക് എത്രയും ലഘുകാര്യം. ഞാൻ എന്നേത്തന്നെ വിധിക്കുന്നനതുമില്ല. [4]എനിക്ക് യാതൊരു കുറ്റത്തെ കുറിച്ചും ബോധമില്ലെങ്കിലും അതിനാൽ ഞാൻ നീതിമാൻ എന്നു വരികയില്ല; എന്നെ വിധിക്കുന്നതു കർത്താവ് ആകുന്നു. [5]ആകയാൽ കർത്താവ് വരുവോളം സമയത്തിനു മുമ്പെ ഒന്നും വിധിക്കരുത്; അവൻ ഇരുട്ടിൽ മറഞ്ഞിരിക്കുന്നത് വെളിച്ചത്തതാക്കി ഹൃദയങ്ങളുടെ ആലോചനകളെ വെളിപ്പെടുത്തതും. അന്നു ഓരോരുത്തന്നു ദൈവത്തിൽനിന്നു പുകഴ്ച്ച ഉണ്ടാകും.**

**വാക്യം 1.** മുൻപ്, പൗലൊസ് തന്നെയും അപ്പല്ലോസിനേയും കുറിച്ചു പറഞ്ഞത് തങ്ങൾ "ദാസന്മാർ" എന്നാണ് (3:5). എന്നാൽ ആ സന്ദർഭത്തിൽ അവൻ ഉപയോഗിച്ചത് പൊതുവായ വാക്ക് διάκονοι (*ഡയാകോണായി*) ആണ് 4:1-ൽ ഉപയോഗിച്ച "ദാസന്മാർ" ὑπηρέται (*ഹുപെരെടായി*) എന്നതിനേക്കാൽ വ്യത്യസ്തമായ വാക്ക് ആണ് മുൻപ് അവൻ തിരഞ്ഞെടുത്തത്. ഒരു ഡോക്ടറുടേയോ, ഗവൺമെന്റ് ഉദ്യോഗസ്ഥന്റെയോ സഹായിയെ സൂചിപ്പിക്കുന്നതിനാണ് രണ്ടാമത് ഉപയോഗിച്ച ഗ്രീക്ക് വാക്ക് അർത്ഥമാക്കുന്നത്. പൗലൊസിന്റെ ആദ്യ മിഷ്ണറി യാത്രക്ക് പൗലൊസിനെ സഹായിക്കുവാൻ മർക്കൊസ്' "സഹായിയായും" (ὑπηρέτης, *ഹുപെരെടെസ്*;[1] പ്രവൃ. 13:5) ബർന്നബാസ് അകമ്പടിയായും പോയിരുന്നു. അത് ഒരു താഴ്ന്ന സ്ഥാനമാണ്. ആ വാക്ക് സൂചിപ്പിക്കുന്നത്, തനിക്കോ അപ്പല്ലോസിനോ പ്രത്യേക സ്ഥാനമല്ല, സഹായി ആയി പ്രവർത്തിക്കുവാനാണ് ആഗ്രഹിക്കുന്നത് എന്നാണ്. കർത്താവായ യേശുക്രിസ്തുവിന്റെ പ്രവർത്തനത്തിൽ അവർ രണു പേരും സായിക്കുകയാണ് ചെയ്തത്.

പൗലൊസും, അപ്പല്ലോസും **ദാസന്മാർ** ആയിരുന്നു; അവരുടെ ശുശ്രൂഷ അവർ ഗൗരവമായിട്ടാണ് എടുത്തത്. കർത്താവിന്റെ സഹായികൾ എന്ന നിലയിൽ അവർ ഇരുവരും ഗൃഹവിചാരകന്മാർ (οἰκονόμοι, *ഓയികോനോനിയോയി*) ആയി തങ്ങളുടെ യജമാനൻ അവരെ ഭരമേൽപിച്ച ഉത്തരവാദിത്തത്തോടെ സേവിച്ചു. ക്രിസ്തുവിന്റെ ദാസന്മാരായി കൊരിന്ത്യ സഭയിൽ പ്രവർത്തിക്കുക എന്നതായിരുന്നു അവരുടെ ഒരു ജോലി. അവർ ദാസന്മാരരായിരുന്നു, അതേ സമയത്ത്, ദൈവ ശുശ്രൂഷയുടെ ഗൃഹവിചാരകന്മാരും ആയിരുന്നു. പൗലൊസ് ഇവിടെ ഉപയോഗിച്ച "മർമ്മം" എന്ന വാക്കു വ്യക്തമായി എഫെസ്യർ 3:4–7-ൽ നിർവ്വചിച്ചിരിക്കുന്നു.

> നിങ്ങൾ അതു വായിച്ചാൽ ക്രിസ്തുവിനെ സംബന്ധിച്ചുള്ള മർമ്മത്തിൽ എനിക്കുള്ള ബോധം നിങ്ങൾക്ക് ഗ്രഹിക്കാം. ആ മർമ്മം ഇപ്പോൾ അവന്റെ വിശുദ്ധ അപ്പൊസ്തലന്മാരർക്കും പ്രവാചകന്മാർക്കും ആത്മാവിനാൽ വെളിപ്പെട്ടതുപോലെ പൂർവ്വകാലങ്ങളിൽ മനുഷ്യർക്ക് അറിയായ് വന്നിരുന്നില്ല. അതോ ജാതികൾ സുവിശേഷത്താൽ ക്രിസ്തുയേശുവിൽ കൂട്ടവകാശികളും ഏക ശരീരസ്ഥരും വാഗ്ദത്തത്തിൽ പങ്കാളികളും ആകേണം എന്നുള്ളതു തന്നെ. ആ സുവിശേഷത്തിന് ഞാൻ അവന്റെ ശക്തിയുടെ വ്യാപാരപ്രകാരം എനിക്ക് ലഭിച്ച ദൈവത്തിന്റെ കൃപാ ദാനത്താൽ ശുശ്രൂഷക്കാരനായി തീർന്നു.

സന്ദർഭത്തിൽ ഗ്രീക്ക് മതങ്ങളിലെ മർമ്മത്തെ കുറിച്ചല്ല പറയുന്നത്, എന്നാൽ, ഐസിസ്, ദെമെത്രയൊസ് എന്ന പ്രാദേശിക ദേവന്മാരെ സംബന്ധിച്ചു കൊരിന്ത് പട്ടണത്തിലും മറ്റുമുള്ള അന്യദേവന്മാരെ നമസ്ക്കരിക്കുന്നവർക്ക് “മർമ്മം” എന്നത് സുപരിചിതമായിരുന്നു.

**വാക്യം 2**. എന്തു തന്നെയായാലും, കർത്താവ് വില കൊടുത്തു വാങ്ങിയ കൊരിന്തിലും മറ്റു സ്ഥലങ്ങളിലും ഉള്ള ക്രിസ്ത്യാനികളോടായിരുന്നു പൗലൊസിന്റെയും മറ്റും സമർപ്പണം. തന്റെ ശുശ്രൂഷയെ കുറിച്ച് പൗലൊസ് വിവരിക്കുന്നില്ല, പക്ഷെ അതിലുള്ള വിശ്വസ്തത അവൻ ഉരപ്പിച്ചു പറയുന്നു ... **കാര്യവിചാരകന്മാരിൽ ആവശ്യമുള്ളത് വിശ്വാസ യോഗ്യതയാണ്**. വസ്തു നോക്കി നടത്തുവാനുള്ള ഉത്തതരവാദിത്തമാണ് ഒരു കാര്യവിചാരകനുള്ളത്. അയാൾ ഉടമസ്ഥൻ അല്ല, എന്നാൽ ഉടമസ്ഥന്റെ അഭാവത്തിൽ വസ്തുവകകൾ ഒന്നും നഷ്ടപ്പെടാതെ നോക്കേണ്ട ഉത്തരാവിത്തം കാര്യവിചാരകനുള്ളതാണ്.

പൗലൊസ് ഇത് എഴുതുന്നതിന് ഏകദേശം ഹണ്ട് ദശാബ്ദങ്ങൾത്ക് മുൻപ്, ഒരു കാര്യവിചാരകനിൽ ആത്മികസത്യങ്ങൾ പഠിപ്പിക്കുന്നതിന് വിശ്വസ്തത ആവശ്യമാണെന്ന് യേശു പ്രബോധിപ്പിച്ചിരുന്നു. ഭൗതികമായ ഒരു സമ്പാദ്യം ഒരു ദാസനെ ഏൽപ്പിച്ചുകോടുക്കുകയും, അവൻ ഉടമസ്ഥനെ ചതിക്കുകയും ചെയ്ത ഒരു ചിത്രീകരണം കർത്തതാവ് നൽകിയിരിക്കുന്നു (ലൂക്കൊ. 16:1–9). മറ്റൊരു സന്ദർഭത്തിൽ, കർത്താവ് ചോദിച്ചു, “വിശ്വസ്തനും ബുദ്ധിമാനുമായ ഗൃഹവിചാരകൻ ആർ ... ?” (ലൂക്കൊ. 12:42). തന്റെ ശ്രദ്ധക്കായി ഏൽപിച്ചിരിക്കുന്ന ഗൃഹവിചാരത്തെസംബന്ധിച്ച് കർത്താവിനോടുള്ള അവന്റെ ബന്ധം പൗലൊസ് മനസിലാക്കിയിരുന്നു (ഗലാ. 1:15, 16). ഏക പ്രവൃത്തിക്കു വേണ്ടിയുള്ള ഗൃഹവിചാരകന്മാരായിരുന്നു അപ്പൊസ്തലന്മാർ. എങ്ങനെയായാലും, വിശാലമായ അർത്ഥത്തിൽ, ക്രിസ്തീയ ജീവിതം എന്നു പറയുന്നത് ഗൃഹവിചാരകത്വമാണ്. ദൈവത്താൽ നൽകപ്പെട്ട കാര്യവിചാര പ്രവൃത്തി ക്രിസ്ത്യാനികൾ ഓരോരുത്തരും വിശ്വസ്തമായി നിർവ്വഹിക്കണം എന്നു പത്രൊസ് പറഞ്ഞിരിക്കുന്നു (1 പത്രൊ. 4:10).

**വാക്യം 3**. പൗലൊസിന്റെ ബലഹീനതകളെയും പോരായ്മകളെയും ചൂണി കാണിക്കുന്നത് ശരിയാണെന്ന് ചിലർ വിശ്വസിച്ചിരുന്നു. അവർ നേരിട്ട വെല്ലുവിളി പൗലൊസിന്റെ ഉപദേശത്തെ സംബന്ധിച്ചായിരുന്നില്ല; അവന്റെ രീതിയെ കുറിച്ചായിരുന്നു അവരുടെ വിമർശനം. പൗലൊസ് വാക് സാമർത്ഥ്യമില്ലാത്തവനും, അവന്റെ വാദവും, പ്രത്യക്ഷതയും അപരിഷ്കൃതവുമായിരുന്നു എന്നാണ് ചിലർ ചിന്തിച്ചതത്. തങ്ങളുടെ കുടുംബത്തിലും, അയൽക്കാരിലുമുള്ളവരുമായി അവർ താരതമ്യപ്പെടുത്തി നോക്കിയപ്പോൾ, അവൻ പരിഷ്കാരമില്ലാത്തവനാകയാൽ അവർ കണ്ടത്.

അപ്പൊസ്തലന്റെ ശബ്ദത്തെയും കുറവുകളെയും വിമിർശിക്കുന്നവരോട് അവൻ ദയവോടെയാണ് പെരുമാറിയത്. അവരുടെ വിധി എത്രയോ **ചെറിയ കാര്യം** എന്നാണ് അവൻ അതിനെ വിലയിരുത്തിയത്.അവ പൗലൊസിനെ ഒട്ടും വിചാരപ്പെടുത്തിയില്ല. ബെൻ വിതെർലിങ്ടൻ III അതിനെ കുറിച്ച് ഈ വിധത്തിലാണ് വിരിച്ചത്:

> അവരുടെ മനസിൽ പൗലൊസിനെ വിധിക്കമെന്നു തോന്നി. കാരണം അതാണ് സദസ്യർ നവീന പരിഷ്കാരികളെയും അവരുടെ പ്രസംഗ

ത്തെയും ചെയ്തത്. പൗലൊസ് നിയമപരമായി ദൈവത്തിന്റെ ഏജന്റാണോ, അവൻ പ്രസംഗ രീതിയെ സംബന്ധിച്ചോ ആയിരുന്നില്ല അവർ വിധിച്ചത് - അവന്റെ വാക്കുകളെയും, വ്യക്തിപരമായ സാന്നിധ്യത്തെയും ആയിരുന്നു. ചുരുക്കി പറഞ്ഞാൽ, നവീന പ്രസംഗപാടവമില്ലാത്തവൻ എന്നായിരുന്നു അവരുടെ അഭിപ്രപായം.[2]

പൗലൊസിന്റെ വാക്കുകളെ കുറിച്ച്, അവന്റെ വാക്കുകളെ കുറിച്ച് മറ്റുള്ളവർ അത്തരത്തിൽ വിലയിരുത്തുന്നത് തെറ്റു തന്നെയാണ്. തന്റെ വ്യക്തിപരമായ പെരുമാറ്റത്തിന് ഏതൊരു ശുശ്രൂഷക്കാരനും കണക്കു കൊടക്കണം. ഒരു അപ്പൊസ്തലനാകയാൽ, അവന് അതിൽനിന്ന് ഒഴിവില്ല. തന്റെ എതിരാളികൾ പൗലൊസിനെ വിമർശിച്ചത് അവനെ തീർച്ചയായും അലോസരപ്പെടുത്തിയിരുന്നു. അവരുടെ വിമർശനം അവന്റെ ഉപദേശത്തിന്റെ ശൈലിയെയും രീതിയെയും കുറിച്ചായിരുന്നു. അത്തരം വിശദീകരണങ്ങൾ **മാനുഷ കോടതിയിൽ** പ്രാധാന്യമുള്ളതാണ്, എന്നാൽ സുവിശേഷം പ്രസംഗിക്കുനനതിൽ ഇല്ലായിരുന്നു. അപ്പൊസ്തലൻ പറഞ്ഞത്, **വാസ്തവത്തിൽ, ഞാൻ എന്നെ വിധിക്കുന്നില്ല** എന്നാണ്. ദൈവത്തിനു മാത്രം വിധിക്കുവാനുള്ളതായിരുന്നു പൗലൊസ് അവതരിപ്പിച്ച സന്ദേശം.

**വാക്യം 4.** എനിക്ക് യാതൊരു കുറ്റത്തെ കുറിച്ചും ബോധ്യമില്ല എന്ന പൗലൊസിന്റെ പ്രസ്താവനയിൽ ധീരത പ്രതിഫലിക്കുന്നു. തങ്ങളുടെ ബലഹീനതകളെ മനസിലാക്കുകയാണെങ്കിൽ, മിക്ക ആളുകളും വളരെ കുറച്ചു വിമർശനമേ നടത്തുകയുള്ളു. താൻ തെറ്റില്ലാത്തവൻ എന്ന് പൗലൊസ് അവകാശപ്പെട്ടില്ല. അതേ സമയം, തന്റെ ആത്മാർത്ഥതയെ പ്രതിരോധിക്കുവാൻ അവന് ഒരു മടിയുമില്ലായിരുന്നു. ദൈവമുൻപാകെയുള്ള അവന്റെ കടമകളിലും, സത്യം അവതരിപ്പിക്കുന്നതിലും, തന്റെ ക്രിസ്തീയ മാതൃകയിലും, പൗലൊസ് എതിരാളികളെ ലജ്ജ കൂടാതെയാണ് നേരിട്ടത്. 4:16–ൽ അവൻ എഴുതി, “ആകയാൽ എന്റെ അനുകാരികൾ ആകുവിൻ” (11:1 നോക്കുക). പൗലൊസ് പാപത്തെ തള്ളിക്കളയുകയോ, അതിനെ നിസാരമായി കാണുകയോ ചെയ്തില്ല. “ഞാൻ സാധാരണ മനുഷ്യൻ ആണ്” എന്നു പറഞ്ഞതിനാൽ, അധാർമ്മികതയെയോ, അസത്യത്തെയോ ഒഴിവുള്ളതായി കണ്ടില്ല. അവൻ അവർക്ക് മുൻപാകെ കാണിച്ച മാതൃക ആർക്കും തള്ളിക്കളയാവുന്നതായിരുന്നില്ല.

തന്റെ പ്രസംഗ പാടവത്തെ കുറിച്ച് പൗലൊസ് തന്നെത്തന്നെ വിധിച്ചില്ല, എന്നാൽ ദൈവത്തോടുള്ള തന്റെ വിശ്വസ്തയിൽ അവൻ അസാധാരണ ഉറപ്പുള്ളവനായിരുന്നു. തന്റെ ജീവിതത്തിനുള്ള ഒരു സഹായിയായി ഗൗരവത്തോടെയായിരുന്നു അവൻ വചനത്തെ എടുത്തത്. ക്രിസ്തീയ ഉപദേഷ്ടാക്കന്മാർ ഉപദേശിച്ചിരുന്നത് ഒരു വിധത്തിലും ജീവിക്കുന്നതു മറ്റൊരു വിധത്തിലുമായാൽ അത് സഭയെ വ്രണപ്പെടുത്തും എന്നത് തർക്കമറ്റ കാര്യമത്രെ. പൗലൊസ് ബോധവാൻ ആയിരുന്നു. തന്റെ ഉപദേശത്തിന്റേയും ജീവിതത്തെയും സംബന്ധിച്ച് അസ്ഥിരത ഇല്ലാതിരുന്നുവെങ്കിലും, താൻ കുറ്റമില്ലാത്തവൻ എന്നു പൗലൊസ് ഒരിക്കലും അവകാസപ്പെട്ടില്ല. പൗലൊസിനെ കുറ്റം വിധിക്കുന്നതും നീതീകരിക്കുന്നതും ദൈവമാണ്. **എന്നെ ശോധന കഴിക്കുന്നത് കർത്താവാണ്** എന്നു പൗലൊസ് പറഞ്ഞു. എങ്ങനെയായാലും, പൗലൊസിന്റെ വിമർശകർ അവനെ വിധിക്കുവാൻ അപ്രാപ്തരായിരുന്നു.

**വാക്യം 5. കർത്താവ് വരുവോളം, സമയത്തിനു മുൻപെ ഒന്നും വിധി ക്കരുത്** എന്ന് പൗലൊസ് പറഞ്ഞപ്പോൾ, അവൻ സൂചിപ്പിച്ച ന്യായവിധി **പ്ര ത്യേക** തരത്തിലുള്ളതാ.യിരുന്നു. കാര്യങ്ങളെ കുറിച്ച് വിധി പ്രസ്താവിക്കു വാൻ തങ്ങൾക്ക് പ്രത്യേക അവകാശമോ, യോഗ്യതയോ ഇല്ല എന്ന് ഇടവ കയിലെ അംഗങ്ങൽ കരുതിയിരുന്നു. മറ്റുള്ളവരെ ഉദ്ദേശത്തെയോ ഹൃദയ ങ്ങളെയോ വിധിക്കരുത് എന്ന് കർത്താന് മുന്നറിയിച്ചിരുന്നു (മത്താ. 7:1–5; യാക്കൊ. 4:11 നോക്കുക). എങ്ങനെയായാലും, കർത്താവിന്റെ കാഹള നാദം കേൾക്കുന്നതുവരെ എല്ലാ വിധികളും നിർത്തി വെക്കണം എന്നല്ല അപ്പൊ സ്തലൻ പറഞ്ഞത്. ലേഖനം അവസാനിപ്പിക്കുന്നതിന് മുമ്പ്, അപ്പന്റെ ഭാര്യയെ വെച്ചുകൊണ്ടിരിക്കുന്ന മനുഷ്യനെ വിധിപ്പാൻ ആവശ്യപ്പെടുന്നുമുണ്ട് (5:1–5), കൂടാതെ, അവർക്കിടയിലെ തർക്കങ്ങളെയും (6:5), അധാർമ്മികതയെയും തള്ളിക്കളയാവാനും ആവശ്യപ്പെട്ടിരിക്കുന്നു (6:15 നോക്കുക).

കർത്താവ് മടങ്ങി വരുമ്പോൾ, ഭൂമിയിലെ കാലം അവസാനിക്കുകയും, **ഇരുട്ടത്തു മറഞ്ഞിരിക്കുന്ന എല്ലാ രഹസ്യങ്ങളും അവൻ പുറത്തു കൊണ്ടു വരികയും** ചെയ്യും. **ഹൃദയങ്ങളെയും ലക്ഷ്യങ്ങളെയും വെളിപ്പെടുത്തു വാൻ** യോഗ്യതയുള്ള വ്യക്തി യേശുക്രിസ്തു മാത്രമാണ്. കർത്താവിന്റെ മടങ്ങി വരവ് എന്നാൽ, യുഗാവസാനവും, നിത്യജീവന്റെ ആരംഭവം എന്നല്ല പൗലൊസ് പറഞ്ഞത്, അത് സ്വയം–പര്കടമാകും എന്നാണ്. വിശുദ്ധന്മാരെ രഹസ്യമായി എടുക്കുമെന്നോ, ക്രിസ്തു ഭൂമിയിൽ ആയിരം–ആണ്ടു വാഴുമെ ന്നോ, അർമ്മഗദോന്റെ യുദ്ധം ഉണ്ടാകുമെന്നോ, യെഹൂദന്മാരെ യിസ്രായേ ലിനു പുനഃസ്ഥാപിച്ചുകൊടുക്കുമെന്നോ, യെരുശലേമിൽ ദൈവാലയ പുനർന ിർമ്മാണം നടത്തി പുരോഹിതന്മാർക്ക് യാഗം കഴിക്കുവാനുള്ള സാഹചര്യം ഒരുക്കുമെന്നോ അല്ല അവൻ പറഞ്ഞത്. ആ ഉപദേശങ്ങളൊന്നും തിരുവെഴു ത്തിൽ ഇല്ല. എസ്ക്കാറ്റോളജി[3] പുതിയ നിയമത്തിൽ രണ്ട് അറ്റം നൽകുന്നു. (1) ലോകത്തിൽ തന്റെ തിരഞ്ഞെടുപ്പ് അവസാനിപ്പിക്കുന്നു. (2) ദൈവ ഭക്തി യുള്ള ജീവിതം അർജന്റ്ആണെന്ന് ബോധ്യപ്പെടുത്തുന്നതാണ് മനുഷ്യജീ വിതം അവസാനിക്കുന്നു എന്നത്, കൂടാതെ ദൈവം സർവ്വശക്തനാണെന്നും ബോധ്യമാക്കുന്നു. ക്രിസ്ത്യാനികളെ പത്രൊസ് പ്രബോധിപ്പിച്ചത്, “നിങ്ങൾ എത്ര വിശുദ്ധ ജീവനവും ഭക്തിയും ഉള്ളവർ ആയിരിക്കേണം” എന്നാണ് (2 പത്രൊ. 3:11).

### കൊരിന്ത്യരുടെ ഭിന്നിപ്പിന് എതിരായിരുന്നു പൗലൊസ് (4:6-13)

ഒരു ഉപദേഷ്ടാവിനേക്കാൾ മറ്റൊരു ഉപദേഷ്ടാവിനെ ഇഷ്ടപ്പെട്ടതില ധികമായിരുന്നു അവരുടെ ഭിന്നതക്കു കാരണമായി തീർന്നത്. കഠിനമായ മൽസരം അവർക്കുള്ളിൽ ഉടലെടുത്തിരുന്നു.പൗലൊസിനേയും അപ്പല്ലൊ സിനേയും അവരുടെ പ്രവർത്തനങ്ങളെയും വിശദീകരിച്ചാൽ, പൗലൊസ് ആയിരുന്നില്ല അവരുടെ പ്രശ്നങ്ങൾക്ക് കാരണം എന്നു കാണാം. അവർ ക്രിസ്തുവിന്റെ ആത്മാവിനെ വശത്താക്കിയിരുന്നില്ല എന്ന് അവരുടെ അനൈ ക്യം തെളിയിക്കുന്നു. ക്രൂശിന്റെ അടിമത്തത്തിൽ നിന്നും അവർ തെന്നി മാറി പോയിരുന്നു. മനസലിവോടുകൂടിയുള്ള സ്നേഹത്തിനു പകരം, അവർ സഭയെ ഒരു മൽസരാധിപത്യമുള്ള ഉപകരണമാക്കി. പൗലൊസ് ക്രിസ്തു വിനെ അവർക്ക് മാതൃകയാക്കി കാണിച്ചു കൊടുത്തിരുന്നു, പക്ഷെ ലോക പ്രകാരമുള്ള കാഴ്ച്ചപ്പാട് അവരിൽ നിലനിർത്തിയിരുന്നു.

സ്വയം സേവിക്കുന്ന രീതി വിട്ടുകളഞ്ഞു അപ്പൊസ്തലന്മാരോടുള്ള സമർപ്പണ സേവനത്തെയാണ് പൗലൊസ് വായനക്കാർക്ക് കാണിച്ചു കൊടുക്കുന്നത്. അപ്പൊസ്തലന്റെ വാക്കുകളിൽ നിന്നുമാത്രമായിരുന്നില്ല സഹോദരന്മാർ ക്രിസ്തുവിനെ അറിഞ്ഞത്, മറിച്ച്, യേശു അപ്പൊസ്തലന്മാരിൽ പ്രകടമാക്കിയ സ്വയ-ത്യാഗവും സമർപ്പണവും നിമിത്തവുമായിരുന്നു. തനിക്ക്, അപ്പൊസ്തൊലിക ജോലി ആവശ്യമായിരുന്നു എന്ന് പൗലൊസ് മടി കൂടാതെ പറഞ്ഞു. തന്റെ പ്രസംഗ പാടവത്തെയോ നവീന രീതിയെയോ ഒന്നുമായിരന്നില്ല അപ്പൊസ്തലൻ ചർച്ച ചെയ്തത്. പിന്നെയോ, തനിക്ക് നേരിട്ട വിശപ്പും, ദാഹവും, പരുഷമായ പെരുമാറ്റവും, മറ്റു ബലഹീനതകളിലും അവൻ എങ്ങനെ അതിജീവിച്ചു എന്നതായിരുന്നു പരാമർശിച്ചത്. സഭ സ്വാർത്ഥതയോ, നിഗളമോ, കലഹമോ അല്ല, മറിച്ച് ക്രിസ്തുവിന്റെ പ്രസക്തമായ തെളിവുകളായിരന്നു അവർക്കിടയിൽ ഉയർത്തി കാണിക്കേണ്ടിയിരന്നത്.

### എല്ലാവരും തുല്യർ (4:6, 7)

**6സഹോദരന്മാരെ, ഇതു ഞാൻ നിങ്ങൾ നിമിത്തം എന്നെയും അപ്പല്ലൊസിനേയും ഉദ്ദേശിച്ച് പറഞ്ഞിരിക്കുന്നത്, എഴുതിയിരിക്കുന്നതിന് അപ്പുറം ഭാവിക്കാതിരിപ്പാൻ ഞങ്ങളുടെ ദൃഷ്ടാന്തം കണ്ടു പഠിക്കേണ്ടതിന്നും, ആരും ഒരുത്തനു അനുകൂലമായും മറ്റൊരുവന്നു പ്രതികൂലമായും ചീർത്തുപോകാതിരിക്കേണ്ടതിനും തന്നെ. 7നിന്നെ വിശേഷിപ്പിക്കുന്നത് ആർ? ലഭിച്ചതല്ലാതെ നിനക്ക് എന്തുള്ളു? ലഭിച്ചതെങ്കിലോ, ലഭിച്ചതല്ല എന്ന പോലെ പ്രശംസിക്കുന്നത് എന്ത്? ഇത്ര ക്ഷണത്തിൽ നിങ്ങൾ തൃപ്തന്മാരായി.**

**വാക്യം 6**. ഇത് എന്നു പൗലൊസ് **ആലങ്കാരികമായി** തന്നെയും അപ്പൊസ്തലനെയും പ്രായോഗികമാക്കി, 3:6–11–ൽ നിർമ്മാതാവിനേയും കൃഷിക്കാരനെയും രൂപകാലങ്കാരമായി ഉപയോഗിച്ചതുമായി ബന്ധപ്പെടുത്താം. എങ്ങനെയായാലും, രൂപകാലങ്കാരം 1:10 ലെ ചർച്ചയിൽ തുടങ്ങിയതാണ്. ഉപയോഗിച്ച ആലങ്കാരിക പ്രയോഗമായ നിർമ്മാതാവും, കൃഷിക്കാരനും, ആരണ് ഉപദേഷ്ടാക്കന്മാരും വായനക്കാരും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്നതാണ് (3:4–11). കൊരിന്തിലുള്ള പലരുടേയും മനോഭാവവും, തങ്ങളുടെ ദാസ്യ മനോഭാവവും തമ്മിലുള്ള വ്യത്യാസമാണ് അപ്പൊസ്തലൻ ഇവിടെ വ്യക്തമാക്കുന്നത്.

''ഉദ്ദേശിച്ചു പറഞ്ഞിരിക്കുന്നത്'' എന്ന പ്രയോഗത്തിന്റെ ഗ്രീക്ക് μετασχηματίζω (*മെറ്റാസ്കെമാറ്റിസോ*). ഫ്രെഡറിക് വില്യം ഡാങ്കർ പൗലൊസ് പറഞ്ഞതിന്റെ സമാന്തരപ്രയോഗം നടത്തിയിരിക്കുന്നു, "എന്റെ ഈ ഉപദേശം എന്നെയും അപ്പല്ലൊസിനേയും കുറിച്ചുള്ള വിശദീകരണമാണ്."[4] പൗലൊസിന്റെ ആലങ്കാരിക പ്രയോഗത്തിന്റെ സൂചന, അവരുടെ ഉപദേഷ്ടാക്കന്മാർ അവർക്ക് നൽകിയിരിക്കുന്നതിനെ ഉൾക്കൊള്ളണം എന്നതാണ്. സഭയിൽ ഭിന്നിപ്പ് ഉണ്ടാക്കുന്ന വിധത്തിൽ പൗലൊസിന്റെയും അപ്പല്ലൊസിന്റെയും പേരുകൾ വലിച്ചിഴക്കുന്നത് അനിതിയാകുന്നു.

പൗലൊസിന്റെ സംഘത്തിലെ പൗലൊസും അപ്പല്ലൊസും ആയിരുന്നു ഇവിടത്തെ വിഷയം, അവൻ "കേഫാവിനെ" (പത്രൊസി) കുറിച്ച് പറഞ്ഞതേയില്ല. 1 മുതൽ 4 വരെയുള്ള അദ്ധ്യായങ്ങളിൽ കേഫാവിനെ കുറിച്ച് രണ്ട്

പ്രാവശ്യം മാത്രമാണ് പരാമർശിച്ചത് (1:12; 3:22), എന്നാൽ "അപ്പല്ലോസ്" എന്ന പേർ ആറു പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു (1:12; 3:4, 5, 6, 22; 4:6). [തന്നെയും] അപ്പല്ലോസിനെയും ഉദ്ദേശിച്ചു പറയുന്ന കാര്യത്തിൽ [അവരെ] ആലങ്കാരികമായിട്ടാണ് പറയുന്നത്, കേഫാവിനെ കുറിച്ചല്ല പരാമർശിക്കുന്നത്. പൗലൊസ് കേഫാവിന്റെ പേർ ഉപയോഗിച്ചത്, ഊഹിച്ചുതൊണ്ടായിരിക്കാം. ചിലർ പൗലൊസിന്റേയും അപ്പല്ലോസിന്റെയും പേരെടുത്ത് പക്ഷം ചെർന്നപ്പോൾ കേഫാവിന്റേയും, ക്രിസ്തുവിന്റേയും പേരെടുത്തു പക്ഷം ചേരുവാൻ തയ്യാറായി. യാതൊരു ഒഴികഴിവുനില്ലാത്തതായിരുന്നു ഭിന്നത. പത്രൊസ് കൊരിന്തിൽ ചെന്നിരുന്നു എന്നു തെളിയിക്കുന്നതല്ല, പൗലൊസിന്റെ "കേഫാവ്" എന്ന പരാമർശം.

വാക്യം 6 ന്റെ അവസാനഭാഗം മറവായിരിക്കുന്നതാണ്. ഗ്രീക്കിൽനിന്ന് അക്ഷരികമായി തർജിമ ചെയ്താൽ ഇങ്ങനെയിരിക്കും, "... എഴുതിയിരിക്കുന്നതിനപ്പുറം പോകാതിരിക്കുവാൻ ശീലിക്കേണ്ടതിന്." ആ പ്രയോഗത്തിന്റെ അർത്ഥം അവർ മനസിലാക്കിയതിന്റെ അടിസ്ഥാനത്തിൽ തർജിമക്കാർ, "അതിരു കടക്കുക," "മറികടക്കുക" എന്നിങ്ങനെയും ആ പ്രയോഗത്തെ തർജിമ ചെയ്തിരിക്കുന്നു. എഴുതിയിരിക്കുന്നതിനപ്പുറം എന്നതിന് മുൻപ് ഉപയോഗിച്ചിരിക്കുന്ന ആർട്ടിക്കിൾ (ടു, "ദ") (τὸ Μὴ ὑπὲρ ἃ γέγραπται ടു സാ ഹൈപർ ഹാ ജെഗ്രാപ്ടായി), ആ പ്രയോഗം ചില ഇടലകകൾ മുദ്രാവാക്യമായി ഉപയോഗിച്ചിരുന്നതായും പറയപ്പെടുന്നു. തിരഞ്ഞെചടുക്കുവാൻ പ്രയാസമുള്ള ഘട്ടങ്ങളിൽ എടുക്കുവാനുള്ള ഒരു തത്വമായിട്ടായിരിക്കാം പൗലൊസ് അത് നൽകിയിരിക്കുന്നത്. എൻ ആർ എസ് വിയിൽ "... ഞങ്ങൾ മുഖാന്തരം പഠിക്കുന്നതിനായി 'എഴുതിയിരിക്കുന്നതിന് അപ്പുറം പോകരുത്.' "

''എഴുതിയിരിക്കുന്നത്'' എന്നു പൗലൊസ് പറഞ്ഞത് എന്താണ്? പഴയ നിയമത്തെയാണോ ഉദ്ദേശിച്ചത്? അവർ പാലിക്കേണ്ടതിന് ചില നിർദ്ദേശങ്ങൾ അവൻ എഴുതി കൊടുത്തിരുന്നോ? യേശുവിന്റെ വായയിൽനിന്നു കേട്ട ചില കാര്യങ്ങൾ അവർക്ക് എഴുതി കൊടുത്തിരിക്കുമോ? ഇന്നത്തെ വായനക്കാർക്ക് അത്തരം ചോദ്യങ്ങൾക്ക് തികച്ചും തീർച്ചയോടെ ഉത്തരം നൽകുക പ്രയാസമുള്ള കാര്യമാണ്. "എഴുതിയിരിക്കുന്നതിൽ" ഉപദേഷ്ടാക്കന്മാർ ക്രിസ്തുവിന്റെ കാര്യവിചാരകന്മാരും ദാസന്മാരുമാണ്. അവർ നവീന പരിഷ്ക്കാരികളോ, സ്വതന്ത്ര ഏജന്റുമാരോ ആയിരുന്നില്ല, ഭിന്നതയുടെ വക്താക്കളും ആയിരുന്നില്ല.

"എഴുതിയിരിക്കുന്നത്" എന്നു പൗലൊസ് പറഞ്ഞത് മനസിലാക്കുവാനുള്ള ഏറ്റവം നല്ല സൂചന സന്ദർഭം തന്നെയാണ്. 3:19, 20-ൽ തിരുവെഴുത്ത് ഉദ്ധരിച്ചു തുടങ്ങി (ഇയ്യോ. 5:13; സങ്കീ. 94:11) പറഞ്ഞു, "എന്നു എഴുതിയിരിക്കുന്നു ..." ഇവ രണ്ടിലും മനുഷ്യരുടെ ഊഹങ്ങളേക്കാൾ ഉയർന്നതാണ് ദൈവിക ജ്ഞാനം എന്നു തെളിയിക്കുന്നു. കൊരിന്തിൽ ഒരാൾക്ക് എതിരെ മറ്റൊരാൾ നിഗളഭാവം വെച്ചുപുലർത്തി എഴുതുയിരിക്കുന്നതിനപ്പുറം ഭാവിച്ചു. ദൈവിക ജ്ഞാനത്തിൽ ഊന്നി ജീവിക്കുവാനായിരുന്നു അപ്പൊസ്തലൻ അപേക്ഷിച്ചത്. ആ ജ്ഞാനം പഴയതിയമത്തിലും, യേശു ദൈവശ്വാസീയ ഉപദേഷ്ടക്കന്മാർക്ക് വെളിപ്പെടുത്തി കൊടുത്തതിലും അടങ്ങിയിരിക്കുന്നു. ആ ഉപദേശങ്ങൾക്ക് അപ്പുറം പോകുന്നത് അപകടം തന്നെയാണ്.

**വാക്യമ 7**. തന്നെയും അപ്പല്ലോസിനേയും, മറ്റു ഉപദേഷ്ടാക്കന്മാരേയും വേർതിക്കുന്നതിൽ മാത്രമായിരുന്നില്ല കൊരിന്ത്യരെ കുറ്റപ്പെടുത്തി

യത്, പിന്നെയോ, വിധിക്കുന്ന പങ്കിനെയും ആരിക്കാം. 4:7–ൽ, പൗലൊസ് ചോദിച്ചു, "ആർ?"; "എന്ത്?"; "എന്തുകൊണ്ട്?" **നിന്നെ വിശേഷിപ്പിക്കുന്നത് ആർ**? എന്നതായിരുന്നു ആദ്യത്തെ ചോദ്യം. "നിങ്ങളുടെ ഇടയിൽ മറ്റുള്ള വരെ വിധിക്കുവാൻ അത്രക്ക് ഉയർന്നവൻ ആരാണ്?" "മറ്റുള്ളവരിൽ നിന്നു വ്യത്യസ്തനായവൻ ആരാണുള്ളത്?" എന്ന അർത്ഥത്തിലാണ് തർജിമക്കാർ എടുത്തിരിക്കുന്നത്. (എൻഐവി), അല്ലെങ്കിൽ "നിങ്ങളിൽ ആർ വ്യത്യാസം നൽകി?" (എൻഏബി). അത്തരം തർജിമക്ക് ആവശ്യം ബഹുവചന സർവ്വ നാമമാണ് എന്നതാണ് പ്രശ്നം. പക്ഷെ ഗ്രീക്കിൽ "നീ" (σε, *സെ*) എന്ന ഏകവചന സർവ്വമാണ.

നേരെ മറിച്ച്, ചോദ്യം മനസിലാക്കേണ്ടത്, ക്രിയാത്മകമായിട്ടാണ്. "നിങ്ങളിൽ വേർതിരിക്കുന്നത് ആർ?" അന്തർലീനമായ ഉത്തരം "ആരും അല്ല! അവർക്കിടയിൽ വിയിക്കുവാൻ ഉയർന്നിരിക്കുന്നവായി ആരുമില്ല" എന്നാണ്. അതാണ് അർത്ഥം എങ്കിൽ, പ്രതീക്ഷിക്കാവുന്നത് ഗ്രീക്കിൽ ബഹുവചന സർവ്വനാമമാണ്, അപ്പോൾ ലഭിക്കുന്നത് നിഷേധമായ ഉത്തരം ആയിരിക്കും (മെ നോട് അല്ലെങ്കിൽ "ലെസ്ട്"). അപ്പസ്തൊലിക അധികാ രത്തെ കൊരിന്ത്യസഭയിലെ ചിലർ തള്ളിക്കളഞ്ഞു എന്നതാണ് ഇവടത്തെ പ്രധാന പ്രശ്നം. എന്നാണ് ഗോർഡൻ ഡി. ഫീ വിശ്വസിച്ചത്. അതനുസ രിച്ച് ആ ചോദ്യത്തെ ഇങ്ങനെ തർജിമ ചെയ്യണം എന്നാണ് ഫീ വാദിച്ച ത്, "മറ്റൊരാളുടെ ദാസനെ വിധിക്കത്തക്ക സ്ഥാനത്ത് നിങ്ങളെ ആരാണ് ആക്കിയത്?"[5] അതിനെ അടിസ്ഥാനപ്പെടുത്തിയാണ് അവശേഷിക്കുന്ന ചോദ്യങ്ങൾ, എന്നാൽ ഫി ഏക വചനം എന്ന സർവ്വനാമം എന്ന പ്ര ശ്നം കൈകാര്യം ചെയ്യുന്നില്ല. ഒരുപക്ഷെ ലേഖനത്തിൽ പേർ പറയാത്ത ഒരു അദ്ധ്യക്ഷനായിരിക്കാം ഭിന്നതകൾക്ക് ചുക്കാൻ പിടിച്ചത്. "നീ" എന്ന ഏകവചനം നൽകുന്ന വിശദീകരണം അതാണ്.

ചോദ്യങ്ങളുടെ സ്വഭാവം എന്തായാലും, പ്രതീക്ഷിച്ച പ്രതികരണം അതു തന്നെയാണ്. ദൈവ മുൻപാകെ, എല്ലാവരും തുല്യരാണ്. എല്ലാവർക്കും ദൈവത്തിന്റെ പാരിദേഷികം ലിക്കും. ആ ഇടവകക്ക്, പൗലൊസിന്റെയും, അപ്പല്ലൊസിന്റെയും, ഒരുപക്ഷെ മറ്റു ചിലരുടേയും ഉപദേശം ലഭിച്ചിരിക്കാം. ആരും വിധിക്കുന്ന അവസ്ഥയിലുള്ള സ്ഥാനത്തല്ല. നന്ദി ഇല്ലായ്മയെ സൂചി പ്പിക്കുന്നതാണ് അന്യോന്യം മൽസരിച്ച് ചിലർക്ക് മറ്റുള്ളവരേക്കാൾ ഊന്നൽ കൊടുത്ത് അവരുടെ പേരിൽ പക്ഷം ചേരുന്നത്.

### ശ്രേഷ്ഠ സ്ഥാനം അല്ല ലക്ഷ്യം (4:8-13)

**8ഇത്ര ക്ഷണത്തിൽ നിങ്ങൾ സമ്പന്നരായി, ഞങ്ങളെ കൂടാതെ വാഴു ന്നവരായി; അയ്യോ, നിങ്ങളോടുകൂടെ ഞങ്ങളും വാഴേണ്ടതിന്ന് നിങ്ങൾ വാണു എങ്കിൽകൊള്ളായിരുന്നു. 9ഞങ്ങൾ ലോകത്തിന്ന് ദൂതന്മാർക്കും മനുഷ്യർക്കും തന്നെ, കൂത്തുകാഴ്ച്ചയായി തീർന്നിരിക്കയാൽ ദൈവം അപ്പൊസ്തലന്മാരായ ഞങ്ങളെ ഒടുക്കത്തവരായി മരണവിധിയിൽ ഉൾപ്പെ ട്ടവരെ പോലെ നിറുത്തി എന്നു എനിക്കു തോന്നുന്നു. 10ഞങ്ങൾ ക്രിസ്തു നിമിത്തം ഭോഷന്മാർ, നിങ്ങൾ ക്രിസ്തുവിൽ വിവേകികൾ, ഞങ്ങൾ ബല ഹീനർ നിങ്ങൾ ബലവവാന്മാർ, നിങ്ങൾ മഹത്തുക്കൾ, ഞങ്ങൾ ബലഹീനർ അത്രെ. 11ഈ നാഴിക വരെ ഞങ്ങൾ വിശന്നും ദാഹിച്ചും ഉടുപ്പാൻ ഇല്ലാ**

**തെയും കുത്തുകൊണ്ടും, സ്ഥിരവാസം ഇല്ലാതെയും ഇരിക്കുന്നു. [12]സ്വന്ത കയ്യാൽ വേല ചെയ്തു അദ്ധ്വാനിക്കുന്നു, ശകാരം കേട്ടിട്ട് ആശിർവ്വദിക്കുന്നു, ഉപദ്രവം ഏറ്റിട്ടു സഹിക്കുന്നു, ദൂഷണം കേട്ടിടു നല്ല വാക്ക് പറയുന്നു. [13]ഞങ്ങൾ ലോകത്തിന്റെ ചവറു പോലെയും ഇന്നുവരെ സകലത്തിന്റേയും അഴുക്കായും തീർന്നിരിക്കുന്നു.**

**വാക്യം 8.** അപ്പൊസ്തലന്റെ ഈ വാക്കുകൾ "വ്യാജോക്തി" എന്നു മൃദുവായി പറയാം. **നിങ്ങൾ നിറഞ്ഞിരിക്കുന്നു, സമ്പന്നരായി തീർന്നിരിക്കുന്നു.** "കുറിക്കു കൊള്ളുന്ന പരിഹാസം" എന്നതായിരിക്കും അവർക്കു ചേരുന്നത്. കൊരിന്ത്യർക്കിടയിൽ പരസ്പരം നിലനിന്ന ഊഷ്മളത പൗലൊസ് മനസിലാക്കി. വ്യത്യസ്ത ഭാവത്താലുളവായ ഭിന്നിപ്പ് അവന്റെ വാക്കുകളിൽ പ്രകടമാക്കി. യുഗാവസാനം കഴിഞ്ഞുപോയി എന്നു പോലും ചില സഹോദരങ്ങൾ വിശ്വസിച്ചുപോയി എന്നും, ഇപ്പോൾ അവർ ജീവിക്കുന്നത് ആത്മിയ യുഗത്തിലാണെന്നും കരുതി. അങ്ങനെയെങ്കിൽ, പൗലൊസിന്റെ അധികാരത്തിന് അത് വെല്ലുവിളി ഉയർത്തി. അതായിരിക്കാം, ലേഖനത്തിൽ അവരുടെ പ്രശ്നപരിഹാരം എഴുതി അയച്ചത്.[6]

അപ്പൊസ്തലന്റെ വാക്കുകൾ കഠിനമെന്ന് തോന്നിയേക്കാം. **നിങ്ങൾ ഞങ്ങളെ കൂടാതെ വാഴുന്ന രാജാക്കന്മാരായി,** എന്നാണ് പറഞ്ഞത്. അത്തരം ചിന്തകളാൽ അവർ ഭോഷന്മാരായി തീർന്നു. വ്യക്തിപരമായ വെളിപ്പാടിൽകൂടെ അവർക്ക് സത്യവും ദൈവഭക്തിയും ലഭിച്ചുവെങ്കിൽ, പിന്നെ ക്രൂശിന്റെ സന്ദേശം ആവശ്യമില്ലല്ലൊ. 4:8, 9 ലെ പൗലൊസിന്റെ ശാസന, 1:4, 5-ൽ നിന്നും വ്യത്യസ്തമാണ്. അവിടെ അവൻ പറഞ്ഞു, "അവനിൽ നിങ്ങൾ സകലത്തിലും വിശേഷാൽ, സകല വചനത്തിലും സകല പരിജ്ഞാനത്തിലും സമ്പന്നരായി തീർന്നിരിക്കുന്നതിനാൽ ... ഞാൻ ദൈവത്തിന് സ്തോത്രം ചെയ്യുന്നു" എന്നാണ്. മുൻപ് അവർ ദൈവകൃപയിൽ ആശ്രയിച്ചിരുന്നതായി അവൻ സമ്മതിക്കുന്നു. ഇവിടെ, അവർ കൃപയിൽനിന്നു മാറി, സ്വയ-കേന്ദ്രീകൃത ആശ്രയത്തിലേക്ക് തിരിഞ്ഞിരിക്കുന്നു. അൽപം നിർത്തിയിട്ട് അപ്പൊസ്തലൻ പറയുന്നത്, **ഞങ്ങളും നിങ്ങളോടുകൂടെ വാഴേണ്ടതിന്നു നിങ്ങൾ വാണു എങ്കിൽ കൊള്ളായിരുന്നു** എന്നാണ്.

പൗലൊസ് ചിലപ്പോൾ, സ്വയ-പ്രതിരോധത്തിന് വ്യാജോക്തി ഉപയോഗിച്ചിരിക്കുന്നു (ഉദാഹരണമായി 2 കൊ. 11:1; 12:16 നോക്കുക). എന്നാൽ, 1 കൊരിന്ത്യർ 4:8-ൽ സ്വയ-പ്രതിരോധം അല്ലെന്നു തോന്നുന്നു. സഭയുടെ ആത്മിയ-ക്ഷേമമായിരുന്നു പൗലൊസിന്റെ ഉള്ളിൽ. തന്റെ അപ്പൊസ്തല അധികാരത്തിൽ ഉൾപ്പെടുന്ന കാര്യമായിരുന്നു അത്. തന്റെ വായനക്കാർ അവനെ പിൻപറ്റണമായിരുന്നു; ക്രിസ്തു നിർവ്വചിച്ചു നൽകിയതായ പരിജ്ഞാനവും ശക്തിയും വിട്ടുകളഞ്ഞു ലോക ജ്ഞാനത്താൽ തങ്ങൾക്ക് ആവശ്യമായ പാഠങ്ങൾ അവർ തന്നെ തയ്യാറാക്കി. ലേഖനത്തിൽ മറ്റെന്തെല്ലാം പറഞ്ഞാലും, സഭയിൽ ചിലർ പൗലൊസിനേക്കാൾ ജ്ഞാനികളാണെന്ന് കരുതിയിരുന്നതായി അതില പരാമർശങ്ങൾ വ്യക്തമാക്കുന്നു. ക്രിസ്തുവിന്റെ വാഴ്ച്ചയുടെ അളവ് പൂർണ്ണമായും തങ്ങൾക്ക് ലഭിച്ചിരിക്കുന്നു എന്ന് അവർ അവകാശപ്പെട്ടിരുന്നു. അവരുടെ കാഴ്ച്ചപ്പാടിൽ, ധാർമ്മിക വിഷയങ്ങളെ അവർ പുറകിലേക്ക് മാറ്റി, കാരണം അവർ ജീവിക്കുന്നത് ആത്മിക യുഗത്തിലാണ്, ആകയാൽ ലൗകികമായ ഒന്നും അതിക്രമിക്കുകയില്ല. തന്നെ വിമർശിക്കുന്ന

വരുടെ ജ്ഞാനത്തെയും തിരിച്ചറിവിനെയും പൗലൊസ് തള്ളിക്കളഞ്ഞിരുന്നു. അവന് അവരുടെ ചിന്താഗതികളെ മുഴുവനായും തള്ളിക്കളയുവാൻ കഴിയും, കാരണം രാജ്യം പൂർണ്ണമായി തിരിച്ചറിയുവാൻ കഴിയുന്നത് ഭാവിയിലാണ്.

**വാക്യം 9**. അപ്പസ്തലത്വം എന്നത് പുരുഷന്മാരിലെ വിശേഷതയേറിയ അതിഥികളല്ല. ദൈവ വിളിയനുള്ള ഒന്നാകയാൽ അപ്പൊസ്തലത്വം എന്നത് ഒരർത്ഥത്തിൽ മാന്യത തന്നെയാണ്. പക്ഷെ മാനുഷികമായി പറഞ്ഞാൽ, അതു മാന്യമോ, എളുപ്പമോ ആയ ജീവിതമല്ല. പൗലൊസ് "നിറഞ്ഞു-കവിഞ്ഞവൻ" ആയിരുന്നില്ല (4:8). അവൻ സമ്പന്നനോ, വാഴുന്നവനോ ആയിരുന്നില്ല. വാസ്തവത്തിൽ, കൊരിന്തിൽ ആരും അങ്ങനെ ആയിരുന്നില്ല. ക്രിസ്ത്യാനിത്വത്തെ മുഴുവനായും തെറ്റിദ്ധരിച്ചതിനാലായിരുന്നു ചിലർ, പൗലൊസിനെതിരെ വിധി നടത്തുവാൻ ശ്രമിച്ചത്. വിശിഷ്ടരാകുവാൻ മൽസരിക്കുന്നവർ, ക്രിസ്തുവിൽ നിന്നും അപ്പൊസ്തലന്മാരിൽനിന്നും പലതും പഠിക്കേണ്ടിയിരുന്നു. വിമർശിക്കുന്നവരും പൗലൊസും തമ്മിലുള്ള വ്യത്യാസം വളരെ വലതായിരുന്നു.

**മരണത്തിനു ശിക്ഷിക്കപ്പെട്ട** പുരുഷന്മാരുമായി പൗലൊസ് പോരാടിയത് ആലങ്കാരിക പ്രയോഗം ഉപയോഗിച്ചായിരുന്നു. അവർ **ലോകത്തിന്റെ കൂത്തുകാഴ്ച്ച**ക്കാരായിരന്നു. ശിക്ഷക്ക് വിധിക്കപ്പെട്ടവരുടെ പരേഡ് ചിലപ്പോൾ മറ്റുള്ളവർക്ക് വിനോദപ്രദമാകുവാനും ഇടയുണ്ട്. മരണശിക്ഷക്ക് വിധിക്കപ്പെട്ടവർക്ക് ഒരു മാന്യതയുമില്ലായിരുന്നു.ആ തടവുകാരെ പോലെ തന്നെ ആയിരുന്നു അപ്പൊസ്തലനും. അവൻ **മനുഷ്യർക്കും ദൂതന്മാർക്കും കൂത്തുകാഴ്ച്ചയായി** തീർന്നിരുന്നു. എന്നിരുന്നാലും അവന്റെ വാക്കുകൾ സ്വയം പരിതപിക്കുന്നതോ, പരാതിപ്പെടുന്നതോ ആയിരുന്നില്ല, പിന്നെയോ, അപ്പൊസ്തലന്റെ പ്രവൃത്തികൾ കൊരിന്തിൽ, അന്യദേവന്മാരെ സേവിച്ചിരുന്നവരെപോലെ, ആകർഷണീയമോ, സങ്കീർണ്ണമോ ആയിരുന്നില്ല. അവന്റെ വിമർശകർക്ക് ആ പോയിന്റ് നഷ്ടപ്പെടുത്താവുന്നതായിരുന്നില്ല. ക്രിസ്തുവിന്റെ അപ്പൊസ്തലനായി പൗലൊസ്, അവർക്ക് വേണ്ടി ആക്ഷേപങ്ങൾ സഹിച്ചിരുന്നു, അവരുടെ വിധി പ്രസ്താവനകളിൽ അൽപം സ്നേഹം പ്രദർശിക്കുവാനായിരിക്കാം ഒരുപക്ഷെ അപ്പൊസ്തലൻ ഉദ്ദേശിച്ചത്.

**വാക്യം 10**. വ്യാജോക്തി ഇരുവായ്ത്തലയുള്ള വാൾ പോലെ പ്രവർത്തിക്കും. വാക്കുകളും പെരുമാറ്റവും ഹൃദയങ്ങളെ സ്പർശിക്കും. അവനെ പിന്താങ്ങേണ്ടിയിരുന്നവർ, അതിനു പകരം തരം താഴ്ത്തി തകർക്കുവാനായിരുന്നു ശ്രമിച്ചത്. 4:10 ലെ **ഞങ്ങൾ ക്രിസ്തു നിമിത്തം ഭോഷന്മാർ** എന്നതിന്റെ അർത്ഥം, ഫലത്തിൽ, "എന്നെ ചോദ്യം ചെയ്യുന്നവർ, എന്റെ ചിരിയും വാക്കുകളും, ദൈവരാജ്യത്തിൽ ചെയ്യുന്ന നിസ്വാർത്ഥ സേവനങ്ങളും അർത്ഥശൂന്യമാക്കുന്നു." **ക്രിസ്തുവിൽ ജാഗ്രതയുള്ള** തങ്ങളെ വിധിക്കുകയാൾ മുൻപ് തന്നെ പൗലൊസ് വൃണപ്പെട്ടിരുന്നു. തന്റെ എതിരാളികളുടെ മോശമായ പെരുമാറ്റത്തെ അവൻ വ്യാജസ്തുതിയോടെയാണ് എതിരേറ്റത് എന്ന് പൗലൊസിന്റെ ശബ്ദം സ്ഥിരീകരിച്ചു. സൗഖ്യം ലഭിക്കുന്നതിന് മുൻപ് അവൻ തന്റെ വിമർശകർക്ക് തങ്ങളുടെ പാപത്തിന്റെ കാഠിന്യം കണ്ണാടി നോക്കി തിരിച്ചറിഞ്ഞ് ഏറ്റു പറയുവാനുള്ള അവസരം നൽകി. എങ്കിൽ മാത്രമെ, അൻ അനുഭവിച്ച അതേ ലജ്ജ അവർക്കും അനുഭവപ്പെടുകയുള്ളു.

പൗലൊസിനെ അപഖ്യാതിപ്പെടുത്തിയവർ, യേശുവിനെ ഏറ്റു പറഞ്ഞത്, ലോകത്തിൽ അവരുടെ ശക്തിക്കും ജാഗ്രതക്കുമുള്ള ഒരു പരസ്യം മാത്രമായിരുന്നു, അവരുടെ അംഗീകാരത്തിനും മാനത്തിനുമായിരുന്നു. "നേരെ

മറിച്ച്" പൗലൊസ് പറഞ്ഞത്, "അപ്പൊസ്തലന്മാരായ ഞാങ്ങൾ, കുഴപ്പക്കാരും, ബലഹീനരും, ഭോഷന്മാരും എന്നു ലോകം പറയട്ടെ. "ക്രിസ്തുവിനു വേണ്ടി" കഷ്ടതയും, ആക്ഷേപങ്ങളും എന്തു തന്നെയായാലും, ഞങ്ങൾ സഹിക്കുംദൈവം നിശ്ചയിച്ചതിനപ്പുറമായ ലക്ഷ്യമൊന്നും ഞങ്ങൾക്ക് ഇല്ല. ആളുകൾ സത്യം അറിഞ്ഞു രക്ഷിക്കപ്പെടുവാനാണ് ഞങ്ങൾ ക്രിസ്തുവിനെ സേവിക്കുന്നത്. ലോകത്തിന്റെ ശിക്ഷ ഞങ്ങൾ സ്വീകരിക്കും. ഞങ്ങൾ അപമാനിതരും ... ബലഹീനരുമത്രെ."

**വാക്യം 11**. അപ്പൊസ്തൊലിക പ്രവൃത്തിയുടെ അർത്ഥം പ്രതിഫലിപ്പിക്കക്കുന്നതാണ് പൗലൊസ് ഉപയോഗിച്ച വ്യാജോക്തി. ഒരു പാർപ്പിടമോ, ശരിക്കുള്ള വസ്ത്രമോ ഇല്ലാതെ, **വിശന്നും, ദാഹിച്ചും**, അപമാനിതരായും ഇരുന്നു. ആ വാക്കുകൾ ആത്മപരിശോധനക്കുള്ളതായിരുന്നു. തന്റെ അപ്പൊസ്തലത്വത്തെ പൗലൊസ് കണ്ടത്, തനിക്കു വേണ്ടി എന്നപോലെ തന്നെയാണ് വായനക്കാർക്കു വേണ്ടിയും ആയിരുന്നു അവൻ കരുതിയത്. അപ്പൊസ്തൊലിക ലക്ഷ്യം 2 കൊരിന്ത്യർ 11:23–29 ലും, കൊരിന്ത്യർ 6:3–10–ൽ വ്യക്തമായി പ്രകടിപ്പിച്ചിരിക്കുന്നു. തന്റെ സഹ പരീശരുമായുള്ള വിദ്യാഭ്യാസ ചർച്ചകളും യെരുശലേമിലെ സൗകര്യങ്ങളുമെല്ലാം അപ്പൊസ്തലൻ പിന്നിൽ വിട്ടുകളഞ്ഞു. അടുത്ത സമയത്തെ അവിടത്തെ ചൂടും രാത്രിയിലെ തണുപ്പും അവൻ ഓർമ്മിച്ചിരിക്കാം. ചിലപ്പോൾ തനിച്ചായിരിക്കാം, അല്ലെങ്കിൽ ഒന്നോ രണ്ടോ പേർ കൂടെ കാണും. ദീർഘ ദൂരം നടന്ന്, ഒരുപക്ഷെ ദിവസം ഇരുപതു മൈൽ നടന്ന് വേണം എഫെസൊസിൽ എത്തുവാൻ (പ്രവൃ. 19:1). ആഹാരം മിതമായിരുന്നു, പണം ദുർല്ലഭമായിരുന്നു, സൈന്യങ്ങളുടെ കണ്ണിൽ പെടാതെ തുറസായ സ്ഥലങ്ങളിൽ മറവിൽ വിശ്രമിച്ചു, മതിലിന്റെ ഇടക്കുള്ള ഇടുക്കിലോ, വാതിലിന്റെ വശത്തോ കിടന്നുറങ്ങി. കുളിയും വസ്ത്രം മാറലുമെല്ലാം അവർക്ക് ആഡംബരമായിരുന്നു. **ആ നാഴിക വരെ** അപ്പൊസ്തലൻ എന്ന ഉത്തരവാദിത്തവും അവിൽ നിക്ഷിപ്തമായിരുന്നു. അവന്റെ മാന്യതാ മുദ്ര അതായിരുന്നു. **സ്ഥിരവാസം കൂടാതെ** എന്നാണ് ആ വാക്യത്തിൽ അവസാനം പറഞ്ഞത്. (ἀστατέω, *ആസ്ടാടെയോ*), ഈ വാക്ക് പുതിയ നിയമത്തിൽ ഇവിടെ മാത്രമാണുള്ളത്; അതിനർത്ഥം സ്ഥിരമായി ഒരു സ്ഥലത്ത് തങ്ങാതെ അലഞ്ഞു തിരിഞ്ഞിരുന്നു എന്നാണ്.

**വാക്യം 12**. അക്വിലാവിന്റെ പണിപ്പുരയിൽ വെച്ചു പൗലൊസിനെ ആദ്യം കണത് കൊരിന്തിലെ ചിലർ ഓർക്കുന്നുണായിരിക്കാം (പ്രവൃ. 18:2, 3) അവൻ ഒരു ഔദാര്യവും പ്രതീക്ഷിച്ചില്ല. അവർ [അവരുടെ] **സ്വന്ത കൈകൾ കൊണ് അദ്ധ്വാനിച്ചു** അവനും കൂടെയുള്ളവരും ഉപജീവനത്തിന് മാർഗം കണ്ടെത്തി. ഗ്രീക്ക്-റോമാ ലോകത്തെ ധനികരുടേയും വിദ്യാഭ്യാസമുള്ള തത്വചിന്തകരുടേയും മനോഭാവത്തിൽനിന്നു വ്യത്യസ്തമായിരുന്നു അപ്പൊസ്തലന്റെ മനോഭാവം. പൗലൊസ് ജീവിച്ച കാലത്തെ ബുദ്ധിമാൻമാർക്ക് പരസ്യമായ ജോലി അവമാനമായിട്ടാണ് കണക്കാക്കിയിരുന്നത്.[7] അപ്പൊസ്തലൻ പരസ്യമായി ജോലി ചെയ്യുന്നത് ലോകക്കാർക്ക് ലജ്ജയായിരുന്നു. എന്നാൽ "അവൻ രാവും പകലും ജോലി ചെയ്തത് സഹോദരങ്ങൾക്ക് ഭാരമാകാതിരിപ്പാൻ ആയിരുന്നു" (1 തെസ്സ. 2:9). എന്നാൽ പാപത്തിൽ നഷ്ടപ്പെട്ട ലോകത്തിലേക്ക് ക്രിസ്തുവിനെ എത്തിക്കുന്ന പൗലൊസിനെ നിശബ്ദനാക്കുവാനായിരുന്നു പൗലൊസിന്റെ ശത്രുക്കളുടെ ശ്രമം. **പ്രതികാര** മനോഭാവത്തോടെ പൗലൊസിനെ അവർ **ഉപദ്രവിച്ചുവെങ്കിലും**, അവൻ അവരോട് സ്നേഹ

ത്തിൽ തന്നെ ഇടപെട്ടു തന്റെ ദൗത്യം തുടരുക തന്നെ ചെയ്തു.

**വാക്യം 13.** അപ്പൊസ്തലൻ ആകുക എന്നാൽ ആകർഷകത്വമുള്ളവനാകുക എന്നതായിരുന്നു. ക്രിസ്തു പൗലൊസിന് നൽകിയ ദൗത്യം സാമൂഹ്യ ശക്തിയോ മാന്യതയോ ലഭിക്കുന്നതായിരുന്നില്ല; പകരം, തല്ലുന്നവർക്ക് നേരെ മറു ചെകിടു കാണിക്കുന്നവരായും, അപകീർത്തിപ്പെടുത്തുന്നവരെ പ്രോൽസാഹിപ്പിക്കുന്നവരായും, **ലോകത്തിന്റെ ചവർ** ആയും, **സകലത്തിന്റേയും അഴുക്കാഴും** തീരുനനു. മിക്ക പുരാതന എഴുത്തുകാരും അന്വേഷിക്കുന്നത്, പ്രസിദ്ധിയും, ശക്തിയുമാണ്. ലൗകിക-കാഴ്ച്ചപ്പാട്, കൊരിന്തിൽ പൗലൊസിന്റെ പക്ഷക്കാർ വളരണം എന്നായിരുന്നു, അല്ലാതെ അപ്പല്ലോസിന്റെ പക്ഷക്കാരുടെ വിജയമായിരുന്നില്ല. പൗലൊസിന്റെ താൽപര്യം അത്തരത്തിലുള്ളതായിരുന്നില്ല. തന്നെ ശപിക്കുന്നവരെ തുടർച്ചയായി അതു ചെയ്യുവാൻ അവൻ അനുവദിക്കുകയായിരുന്നു. മഹത്വവും മാനവും പ്രതീക്ഷിച്ച തന്റെ ആനുകാലികരുടേതായിരുന്നില്ല പൗലൊസിന്റെ ലക്ഷ്യം. തനിക്കല്ല, കർത്താവിന്ന് മഹത്വം കൊടുക്കുക എന്നതായിരുന്നു അപ്പൊസ്തലന്റെ ലക്ഷ്യം. ക്രിസ്തുവിനു പുകഴ്ച്ച കൊടുക്കുന്ന അപ്പല്ലലൊസിനേയും മറ്റാരേയും പൗലൊസ് ബഹുമാനിച്ചിരുന്നു. സ്നേഹപൂർവ്വമായ അപ്പൊസ്തലന്റെ ഈ പ്രതികരണം അപ്പല്ലോസിന്റെ പക്ഷക്കാരെ ലജ്ജിപ്പിക്കുന്നതും വിസ്മയിപ്പിക്കുന്നതുമായിരുന്നു.

### വിശ്വാസത്തിൽ പൗലൊസ് അവരുടെ "പിതാവ്" (4:14-21)

പൗലൊസിന്റെ അപ്പൊസ്തലികത്വത്തെ കൊരിന്തിലെ എല്ലാവരും വിമർശിച്ചിരുന്നില്ല. വിശ്വസ്തരായവരെ പ്രോൽസാഹിപ്പിക്കുകയും, സഭയുടെ ഐക്യത കാര്യമാക്കാതിരിക്കുന്നവരെ സത്യം ബോധ്യപ്പെടുത്തുകയും ചെയ്യുക എന്ന ദൗത്യമായിരുന്നു അപ്പൊസ്തലന്റേത്. വായനക്കാരെ വ്യക്തിപരമായ വാക്കുകൾ ഉപയോഗിച്ച് അവൻ അവരെ കുറിച്ച് കരുതുന്നതായി അറിയിച്ച്, സഭയിൽ നേരിട്ട ആ കുഴപ്പം പരിഹരിച്ച് അവരെ യോജിപ്പിച്ചു നിർത്തുവാൻ ആവശ്യമായ വാക്കുളായിരുന്നു അവൻ ലേഖനത്തിന്റെ ആ ഭാഗത്ത് ചുരുക്കി പറഞ്ഞത്.

**[14]നിങ്ങളെ നാണിപ്പിപ്പാനല്ല, എന്റെ പ്രിയ മക്കളോട് എന്ന പോലെബുദ്ധി പറഞ്ഞുകൊണ് ഇത് എഴുതുന്നു. [15]നിങ്ങൾക്ക് ക്രിസ്തുവിൽ പതിനായിരം ഗുരുക്കന്മാർ ഉണ്ടെങ്കിലും പിതാക്കന്മാർ ഏറെയില്ല. ക്രിസ്തുവേശുവിൽ ഞാൻ അല്ലോ സുവിശേഷത്താൽ നിങ്ങളെ ജനിപ്പിച്ചത്. [16]ആകയാൽ എന്റെ അനുകാരികൾ ആകുവിൻ എന്നു ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു. [17]ഇതു നിമിത്തം കർത്താവിൽ വിശ്വസ്തനും എന്റെ പ്രിയ മകനുമായ തിമൊഥെയൊസിനെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു. ഞാൻ എങ്ങും ഏതു സഭയിലും ഉപദേശിക്കുന്നതുപോലെ ക്രിസ്തുവിലുള്ള എന്റെ വഴികൾ അവൻ നിങ്ങളെ ഓർപ്പിക്കും. [18]എങ്കിലും ഞാൻ നിങ്ങളുടെ അടുക്കൽ വരികയില്ല എന്നു വെച്ച് ചിലർ ചീർത്തിരിക്കുന്നു. [19]കർത്താവിന് ഇഷ്ടം എങ്കിൽ ഞാൻ വേഗം നിങ്ങളുടെ അടുക്കൽ വന്നു ചീർത്തിരിക്കുന്നവരുടെ വാക്കല്ല ശക്തി തന്നെ കണ്ടറിയും. [20]ദൈവരാജ്യം വചനത്തിലല്ല ശക്തിയിലത്രെ ആകുന്നു. [21]നിങ്ങൾക്ക് എന്തു വേണം? ഞാൻ വടിയോടുകൂടെയോ, സ്നേഹത്തിലും സൗമ്യാത്മാവിലുമോ നിങ്ങളുടെ അടുക്കൽ വരേണ്ടത്?**

**വാക്യം 14**. കൊരിന്ത്യ സഭക്ക് പൗലൊസ് ലേഖനം എഴുതിയപ്പോൾ, അവിടെയുള്ള ചിലരുടെ ലജ്ജാകരമായ പെരുമാറ്റത്തെ ചുണ്ടി കാണിക്കുന്നതിനായിരുന്നു. ക്രിസ്തുവിന്റെ അപ്പൊസ്തലനെ തള്ളിക്കളഞ്ഞ്, നിറഞ്ഞവരും, സമ്പന്നരും, വാഴന്നവരമെന്ന് പറഞ്ഞ് അവർ വാസ്തവത്തിൽ ലജ്ജിതരായിരുന്നു (4:8). പൗലൊസിനെ അവർ ഭോഷനായും തങ്ങളെ "മുൻകരുതലുള്ളവർ" അഥവാ ജ്ഞാനികൾ ആയും കരുതി (4:10). വ്യാജോക്തി, പരിഹാസം, ലജ്ജജിപ്പിക്കൽ എന്നിവ സ്വീകരിപ്പാൻ അപ്പൊസ്തലന് ഒരു മടിയുമില്ലായിരുന്നു. ലേഖനത്തിൽ പിന്നീട് പൗലൊസ് പറഞ്ഞു, "നിങ്ങളെ നാണിപ്പിപ്പാൻ ഞാൻ ഇതു പറയുന്നു" (6:5; 15:34 നോക്കുക).

പൗലൊസ് അർത്ഥമാക്കിയത് എന്ത്? [അവരെ] **ലജ്ജിപ്പിക്കുക** എന്നതായിരുന്നില്ല, മറിച്ച് [അവരെ] **പ്രോൽസാഹിപ്പിക്കുയായിരുന്നു** അവന്റെ ലക്ഷ്യം. മാതാപിതാക്കൾ മക്കളോട് എന്ന പോലെയാണ് താൻ അവരോട് സംസാരിച്ചത് എന്നാണ് അവൻ പറഞ്ഞത്. അടിസ്ഥാനപരമായി അവൻ പറഞ്ഞു, "നിങ്ങളിൽ ചിലരുടെ പെരുമാറ്റം മാനം കെടുത്തുന്നതാണെന്ന് പറയുന്നത്, അവർ മാനസാന്തരപ്പെടുന്നതിനുള്ള ആദ്യപടിയാണ്, എന്റെ പ്രബോധന ലക്ഷ്യം, നിങ്ങൾ ദൈവത്തിനും അവന്റെ സഭയ്ക്കും നാണക്കേട് വരുത്തുന്നത് അവസാനിപ്പിക്കകണം. സ്നേഹത്തോട്, ഇതു പറയുമ്പോൾ, അത് നിങ്ങളെ ലജ്ജിപ്പിക്കുന്നതിനല്ലല എന്നോർക്കുക."

**വാക്യം 15**. പൗലൊസിനു തുല്യമായി മറ്റൊരു ഉപദേഷ്ടാവ് കൊരിന്ത്യർക്ക് ഇല്ലായിരന്നു. അവർ വലരുവാനും പക്വതയിലെതത്തുവാനും മറ്റുള്ളവർ സഹായിച്ചിരിക്കാം. പൗലൊസ് അവരുമായി പങ്കിട്ട ഒരു ബന്ധം അവർക്ക് മറ്റാരിൽനിന്നും ലഭിച്ചിരുന്നില്ല. സഭയെ സ്വാധീനിക്കാത്ത ചിലർ ചില ക്രിസ്ത്യാനികളുടെ ഉള്ളിൽ കടന്നു കൂടി. സത്യം പഠിപ്പിച്ചവർ പോലും, പൗലൊസുമായി താരതമ്യം ചെയ്യുമ്പോൾ, രക്ഷകർത്താക്കൾ മാത്രമായിരുന്നു. അവിടെയുള്ള സഹോദരന്മാർക്ക് **പല ഗുരുക്കന്മാരുടെ** ഉപദേശം ലഭിച്ചിരിക്കാം, പക്ഷെ അവർക്ക് **പിതാക്കന്മാർ ഏറെ** ഇല്ലായിരുന്നു. വിശ്വാസത്തിൽ അവരുടെ പിതാവ് പൗലൊസ് ആയിരുന്നു. "ഗുരുക്കന്മാർ" എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്ന (παιδαγωγός, *പായിഡഗാഗോസ്*) വാക്ക് ഗലാത്യർ 3:24, 25-ൽ ഉപയോഗിച്ചിരിക്കുന്നതു തന്നെയാണ്, അവിടെ പറയുന്നത്, ന്യായപ്രമാണം ക്രിസ്തുവിലേക്ക് നയിക്കുന്ന ഒരു "ശിശുപാലകൻ" അല്ലെങ്കിൽ രക്ഷകർത്താവ് ആണ്. ഗലാത്യലേഖനത്തിൽ രണ് പ്രാവശ്യം ആ വാക്ക് ഉപയോഗിച്ചിരിക്കുന്നതു കൂടാതെ പുതിയ നിയമത്തിൽ ഇവിടെ മാത്രമാണ് ആ വാക്ക് കാണുന്നത്.

കൊരിന്ത്യരെ ഉപദേശിച്ചവരെയെല്ലാം അവർ ബഹുമാനിക്കണമായിരുന്നു. എന്നാൽ പൗലൊസിനോട് അവർക്ക് ഒരു പ്രത്യേക ബന്ധമാണ് ഉണ്ടായിരുന്നത്. അവരുടെ ആത്മിയ ജനനത്തിന് അവൻ ആയിരുന്നു കാരണക്കാരൻ. താനാണ് അവരെ ആദ്യം ക്രിസ്തുവിനെ അറിയിച്ചത് എന്നു അവരുടെ ശ്രദ്ധക്കായി അവൻ പറഞ്ഞു. ഒരു അപ്പൻ മകനോട് എന്ന പോലെ ആയിരുന്നു അവരോടുള്ള അവന്റെ കരുതൽ. എന്നിരുന്നാലും അവന്റെ പ്രബോധനം കർശനമായിരുന്നു. "നിങ്ങൾ എന്നെ അനുസരിക്കണം, ഞാൻ പറയുന്നതു ന്യായീകരിക്കേണ്ടആവശ്യമില്ല, ഉത്തരവാദിത്തം എനിക്കാണ്" എന്നൊന്നും അവൻ പറഞ്ഞില്ല. മറിച്ച്, അവൻ അവരുടെ ബഹുമാനം തേടി. പൗലൊസ് അവരുടെ ആത്മിയ പിതാവ് ആകയാൽ, ദൈവം അവനു നൽകിയ കാര്യവി

ചാരകത്വത്തെ അവർ ഗൗരവമായി പരിഗണിക്കണമായിരുന്നു.

ക്രരിസ്ത്യാനികൾക്ക് തമ്മിലുള്ള ബന്ധം കാത്തു സൂക്ഷിക്കുവാൻ അവൻ അവരെ ഒരു അപ്പൻ എന്ന പോലെ ഓർമ്മിപ്പിക്കുകയായിരുന്നു. ആത്മിയ അദ്ധ്യക്ഷന്മാരോടുള്ള ബന്ധം അനുസരണത്തിൽ മാത്രം ഒതുങ്ങുന്നതായിരുന്നില്ല. തെസലൊനിക്യർക്ക് അപ്പൊസ്തലൻ എഴുതി, "സഹോദരന്മാരേ, നിങ്ങളുടെ ഇടയിൽ അദ്ധ്വാനിക്കയും കർത്താവിൽ നിങ്ങളെ ഭരിക്കയും പ്രബോധിപ്പിക്കയും ചെയ്യുവന്നവരെ അറിഞ്ഞ് ... അവരുടെ വേല നിമിത്തം ഏറ്റവും സ്നേഹത്തോടെ വിചാരിക്കേണം" (1 തെസ്സ. 5:12, 13). ആ വാക്കുകൾ ദൈവരാജ്യം പണിയുന്ന മൂമ്പന്മാർ, സുവിശേഷകന്മാർ തുടങ്ങിയവരെ ഉദ്ദദേശിച്ചു പരഞ്ഞിരിക്കുന്നു. സഭയിലെ മൂപ്പന്മാർ ഡയറക്ടർ ബോർഡംഗങ്ങളെ പോലെയല്ല, മറിച്ച് സ്നേഹത്തോടെ സേവിക്കുന്ന ആട്ടിടയൻന്മാരെ പോലെയാണ്.

**വാക്യം 16.** പൗലൊസ് കൊരിന്ത്യർക്ക് ലേഖനം എഴുതുമ്പോൾ, പുതിയ നിയനിയമം മുഴുവനായും കൂട്ടി ചേർത്തുകൊണ്ടിരുന്ന സമയമായിരുന്നു. ആകയാൽ ഇന്നത്തെ ഉപദേഷ്ടാക്കന്മാരുടെ മാതൃകയേക്കാൾ അന്നത്തെ ഉപദേഷ്ടാക്കന്മാരുടെ മാതൃകക്ക് പ്രാധാന്യം ഏറിയിരുന്നു. അക്കാരണത്താൽ സുവിശേഷം പ്രസംഗിക്കയും അതിൻപ്രകാരം ജീവിക്കയും ചെയ്തു (11:1; ഫിലി. 3:17 നോക്കുക). അവർക്കിടയിൽ അവൻ എങ്ങനെ പ്രവർത്തിച്ചു എന്ന് ആ "പ്രിയ" സഹോദരന്മാരെ അറിയിക്കുവാൻ അവൻ ആഗ്രഹിച്ചു (4:14). അവൻ അവരെ മക്കളെ പോലെ സ്നേഹിച്ച് ക്രിസ്തുവിന്റെ മാതൃക കാണിച്ചു കൊടുത്തു. (**അതുകൊണ്ട്**) അവൻ അവരെ പ്രബോധിപ്പിച്ചു, **എന്റെ അനുകാരികൾ ആകുവിൻ**. പൗലൊസിന്റെ ആ വെല്ലുവിളിയെ ഡൊണാൾഡ് ഏ. കാർസൺ ഇങ്ങനെ ചുരുക്കി പറഞ്ഞു, "മറ്റൊരാളെ ശിഷ്യരാക്കുന്ന തൊഴിൽ അഭ്യസിക്കുന്ന ഒന്നാണ് ക്രിസ്തീയ വീശ്വാസത്തിലെ സ്വയം-അച്ചടക്കം വരുത്തൽ"[8] താൻ ആത്മാർത്ഥതയുള്ളവൻ ആണെന്ന് പൗലൊസ് തന്റെ ലേഖനങ്ങളിലെല്ലാം സ്ഥിരമായി കാണിച്ചു കൊടുത്തു (1 തെസ്സ. 2:1–12). താൻ ആരാണെന്ന്, ഉപദേശത്താൽ അവൻ തെളിയിച്ചു കൊടുത്തു.

സുവിശേഷ സന്ദേശം കേട്ട എല്ലാവർക്കും തങ്ങളുടെ സ്വന്ത ജീവിതം അതിനനുസരിച്ച് മാതൃകയാക്കുവാനുള്ള അവസരം അവരുടെ ഉപദേഷ്ടാക്കനമാരിൽ നിന്നു പ്രതീക്ഷിച്ചിരുന്നു. "ഞാൻ ചെയ്യുന്നതുപോലെ അല്ല, ഞാൻ പറയുന്നതു പോലെ ചെയ്യുക" എന്ന് ഉപദേഷ്ടാക്കന്മാർ പറഞ്ഞാലൽ അത് സഭക്ക് ഗുണം ചെയ്യുകയില്ല. ഒരു മൂപ്പനോ, ഉപദേഷ്ടാവോ, ചുരുങ്ങിയത്, "എന്റെ അനുകാരിയാകുക" എന്നു പറയുവാൻ കഴിഞ്ഞില്ലെങ്കിൽ, ആ ജോലി അദ്ദേഹം തുടരാതിരിക്കുന്നതാണ് നല്ലത്. ആ സത്യവും തന്റെ ഉത്തരവാദിത്തവും പൗലൊസ് തിരിച്ചറിഞ്ഞിരുന്നു.

**വാക്യം 17.** തന്റെ അഭാവത്തിൽ, തന്റെ ഉപദേശങ്ങളെല്ലാം ഓർമ്മിപ്പിക്കുവാൻ, പൗലൊസ് തിമൊഥെയൊസിനെ കൊരിന്തിലേക്ക് അയച്ചു. തന്റെ ഈ ലേഖനത്തിലെ വന്ദനം പറയുമ്പോൾ, തിമൊഥെയൊസ് ഉൾപ്പെടാതിരുന്നതിനാൽ, പൗലൊസിനോടുകൂടെ ഉടനെ തിമൊഥെയൊസ് ചേരുന്നില്ല എന്നു വ്യക്തം. തിമൊഥെയൊസിനെ അവൻ എരസ്തോസുമായി മക്കെദോന്യ വഴിയാണ് കൊരിന്തിലേക്ക് അയച്ചത് (പ്രവൃ. 19:22). യാത്രയുടെ ക്ലേശം നിമിത്തം എത്തിച്ചേരുന്ന സമയത്തെ കുറിച്ച് അലൻ ഒന്നും പയുന്നില്ല. പൗലൊസ് എഴുതി, **ഞാൻ തിമൊഥെയൊസിനെ നിങ്ങളുടെ അടുക്കൽ അയക്കുന്നു**

എന്നാണ്; എന്നാൽ തിമൊഥെയൊസ് വന്നുകൊണ്ടിരിക്കുകയാണോ എന്നു പൗലൊസിന് തീർച്ചയില്ലായിരുന്നു. 1 കൊരിന്ത്യർ 16:10–ൽ തിമൊഥെയൊസിനെ കൂടെ ചേർത്തിരിക്കുന്നതിനാൽ അതു സ്പഷ്ടമാക്കുന്നു.ലേഖനം കൊരിന്തിൽ എത്തിയ ശേഷം തിമൊഥെയൊസ് അവിടേക്ക് ചെല്ലുവാനായിരുന്നു പൗലൊസ് ഉദ്ദേശിച്ചത്. കൊരിന്തിലേക്കുള്ള തിമൊഥെയൊസിന്റെ യാത്ര നീട്ടി വെക്കണമെങ്കിൽ, എന്തെങ്കിലും അടിയന്തിര സംഭവങ്ങൾ നടക്കണം എന്നു അപ്പൊസ്തലനു അറിയാമായിരുന്നു. തിമെഥെയൊസ് എന്ന യാവാവ് അവിടെയെത്തുമ്പോൾ അവന് ആവശ്യമായ പരിശീലനം നൽകുവാനും പൗലൊസ് ആഗ്രഹിച്ചു. പൗലൊസ് എല്ലാ സഭകളിലും പ്രസംഗിച്ചത് എന്തെന്ന് തിമൊഥെയൊസിന് അറിയാമായിരുന്നു. അവർക്ക് ആവശ്യമായ ദൈവശ്വാസിയമായ, അപ്പൊസ്തലിക സന്ദേശം പകർന്നു കൊടുപ്പാൻ അവന് **കിയുമായിരുന്നു. ഞാൻ എങ്ങും, ഏതു സയിലും ഉപദേശിച്ചത് തിമൊഥെയൊസ് നിങ്ങളെ ഓർമ്മിപ്പിക്കും** എന്നായിരുന്നു പൗലൊസ് പറഞ്ഞത്.

പൗലൊസ് തന്റെ രണാമത്തെ ലേഖനം കൊരിന്തിലേക്ക് എഴുതി അയക്കുമ്പോഴേക്ക്, തിമൊഥെയൊസ് പൗലൊസിനോടുകൂടെ വീണ്ടും ചേർന്നു എന്ന് അവന്റെ പേർ വന്ദനം പയുന്നവരിൽ ഉൾപ്പെടുത്തിയത് തെളിയിക്കുന്നു. മുൻപ് പൗലൊസ് അവിടെ പ്രവർത്തിച്ചപ്പോൾ, തിമൊഥെയൊസും ശിലാസും അവനോടുകൂടെ ഉണ്ടായിരുന്നതിനാൽ തിമൊഥെയൊസിനെ അവിടെക്ക് അയച്ചത് സ്വാഭാവികം മാത്രം (പ്രവൃ. 18:5; 2 കൊ. 1:19). തിമൊഥെയൊസ് കൊരിന്തിലേക്ക് മടങ്ങി വന്നോ എന്നു ലേഖനങ്ങളിൽനിന്നു വായനക്കാരനു തിരിച്ചറിയുവാൻ സാധ്യമല്ല; വന്നു എങ്കിൽ, അവന്റെ പരിശ്രമത്തിന് പൂർണ്ണ ഫലം ഒന്നും വന്നതായി കാണുന്നില്ല. തിമൊഥെയൊസ് ധൈര്യശാലി ആയിരുന്നില്ല എന്നു പൗലൊസിന്റെ ലേഖനങ്ങൾ സൂചിപ്പിക്കുന്നു (1 തിമൊ. 4:12–14; 2 തിമൊ. 1:6, 7). സഭയിലെ കുഴപ്പം പരിഹരിക്കുന്നതിന് അവന്റെ ധൈര്യമില്ലായ്മ തടസമായിരുന്നു. പട്ടണത്തിലെ സഭയെ കുറിച്ചുള്ള വിവരങ്ങൾ, ശിലാസും തിമൊഥെയൊസും വന്നപ്പോൾ അറിയിച്ചു (2 കൊ. 1:1, 2; 7:6, 7). സഭയുടെ വളർച്ചാ വിവരങ്ങൾ അറിയിക്കുവാൻ ശിലാസിന് കഴിഞ്ഞു, എന്നാൽ തിമൊഥെയൊസിന്റെ പരിശ്രമങ്ങൾ വിജയിച്ചോ എന്ന് തീർച്ചയില്ല.

**വാക്യം 18.** പൗലൊസിനെ ഇനി മുഖാമുഖമായി കാണുകയില്ല എന്ന അനുമാനത്തിൽ, കൊരിന്തിലെ ചിലർ **നിഗള ഭാവത്തിലായിരുന്നു**. അവരുടെ കാഴ്ച്ചപ്പാടിൽ, അവൻ ചുറ്റി സഞ്ചരിക്കുന്ന തത്വചിന്തകന്മാരെ പോലെയായിരുന്നു – അതായത്, അവൻ അവർക്ക് നൽകുവാനുള്ളതെല്ലാം നൽകി, ഇനി **മടങ്ങി വരുവാൻ പോകുന്നില്ല**. എങ്ങനെയായാലും, പൗലൊസ് വളരെ വ്യക്തമായാണ് കാര്യങ്ങൾ പറഞ്ഞത്. തന്റെ വിശ്വാസം പകർന്നുകൊടുത്തവരുമായി ചേർന്നായിരുന്നു അവൻ ജീവിച്ചിരുന്നത്. ശിഷ്യന്മാരെല്ലാം ക്രിസ്തുവിനോടുള്ള ബന്ധത്തിലായിരിക്കണം എന്ന ഉദ്ദേശത്തോടെയായിരുന്നു പൗലൊസ് പ്രവർത്തിച്ചിരുന്നത്. അവൻ അവരോട് സുവിശേഷം പ്രസംഗിച്ച ശേഷം, സമൂഹത്തിൽ ശിഷ്യന്മാർ ക്രിസ്തുവിനോടുള്ള ഭക്തിയിൽ ജീവിക്കുന്നതിന് സമൂഹത്തിൽ ഒരു മാതൃക വിട്ടിരുന്നു. സുവിശേഷം അനുസരിച്ചവർ ദൈവനിർദ്ദശപ്രകാരം ജീവിക്കുന്ന ഒരു സമൂഹമായി അവർ തീരണം എന്നായിരുന്നു അപ്പൊസ്തലൻ ആഗ്രഹിച്ചത്.

**വാക്യം 19.** പൗലൊസിന്റെ അസാന്നിധ്യത്തിൽ, ജഡജ്ഞാനത്താൽ ചിലർ

നിഗളഭാവമമുള്ളവരായി തെറ്റിപ്പോയി. എന്നാൽ ഞാൻ **നിങ്ങളുടെ അടുക്കലേക്ക് വേഗം വരും** എന്ന് അപ്പൊസ്തലൻ ഉറപ്പിച്ചു പറഞ്ഞു. പക്ഷെ, ആ യാത്ര കർത്താവിന്റെ ഹിതത്തിനായി ഏൽപ്പിച്ചിരുന്നു എന്നതാണ് മുഖ്യം (പ്രവൃ. 18:21; യാക്കൊ. 4:15), തന്റെ ചുരുങ്ങിയ യാത്രയിൽ അവൻ അവിടെ എത്തിയിരുന്ന കാര്യം പ്രവൃത്തികളുടെ പുസ്തകത്തിൽ പറയുന്നില്ല. "ക്ലോവയുടെ ആളുകളുടെ" കപ്പലിൽ അവൻ ദ്വീപുകൾ കടന്ന് രണ്ട്-ദിവസത്തെ യാത്ര ചെയ്തിരിക്കാമെന്ന് കരുതപ്പെടുന്നു (1:11). പലപ്പോഴും യാത്ര പൗലൊസ് വിചാരിച്ചതു പോലെയായിരുന്നില്ല. അവന്റെ കൂടെയുള്ള സ്നേഹിതന്മാർ നിശബ്ദരാകുകയും എതിരാളികളാൽ അവർ ആക്രമിക്കപ്പെടുകയും ചെയ്തിരുന്നു (2 കൊ. 12:21 നോക്കുക).

**നിഗളികളുടെ വാക്കുകളല്ല, ശക്തി തന്നെ കണ്ടറിയും** എന്നു പൗലൊസ് പറഞ്ഞതിന്റെ അർത്ഥം മനസിലാക്കുക ബുദ്ധിമുട്ടാണ്. പൗലൊസ് പ്രതീക്ഷിച്ച "ശക്തി" എന്താണെന്നോ, അത് വെളിപ്പെടുന്നത് എങ്ങനെ എന്നോ വ്യക്തമല്ല, അവന്റെ മനസിൽ, അത്ഭുത ശക്തിക്കെതിരായ ഒന്നായിരുന്നോ (13:2 നോക്കുക)? ആത്മാവിനാൽ തനിക്ക് ലഭിച്ച ആത്ഭുത ശക്തി തന്റെ എതിരാളികൾക്ക് ഉള്ളതായി പൗലൊസ് പറയുവാൻ ഒരു സാധ്യതയുമില്ല. കുപ്രൊസിലെ ഏലിമാസിനെ അവൻ ചെയ്തതുപോലെ, അവൻ അവരെ അന്ധൻ ആക്കുവാൻ പോകുകയാണോ? (പ്രവൃ. 13:11), അല്ലെങ്കിൽ, അവൻ ഉദ്ദേശിച്ചത്, ക്രിസ്തുവിന്റെ വചനത്തിന്റെ ശക്തിയാണോ? അവർ തെറ്റിലാണെന്ന് ബോധ്യമാക്കുവാൻ അവരെ തരം താഴ്ത്തുമോ? ഒരുപക്ഷെ അവരുടെ വാക്കുകളും പ്രവൃത്തിയും തമ്മിലുള്ള അസ്ഥിരതയിൽ അവരുടെ ശക്തിയില്ലായ്മ വെളിപ്പെടുമെന്നായിരിക്കാം ഉദ്ദേശിച്ചത്.

**വാക്യം 20**. അവരുടെ ശക്തിയെ കുറിച്ച് പൗലൊസ് പറഞ്ഞത് എന്തായാലും, അത് ദൈവരാജ്യവുമായി ബന്ധപ്പെട്ടതായിരുന്നു. രാജ്യം ഒരിക്കലും യേശുവിന്റെ ഉപദേശത്തിൽ നിന്നും ദൂരെ ആയിരുന്നില്ല. ഉപമകളിലെ വിഷയം അതായിരുന്നു (മർ. 4:26, 30), മാനസാന്തരത്തിനുള്ള പ്രചോദനം അതായിരുന്നു (മത്താ. 3:2; മർ. 4:17). പ്രവചിക്കപ്പെട്ട രാജ്യം വന്നു എന്നു അപ്പൊസ്തലപ്രവൃത്തികളിലും, ലേഖനങ്ങളിലും പറഞ്ഞിരിക്കുന്നു (കൊലൊ. 1:13). അത് താൻ പറണിയുമെന്ന് പറഞ്ഞ സഭയാണ് (മത്താ. 16:18). "ദൈവരാജ്യം" എന്ന പ്രയോഗം സുവിശേഷങ്ങളിൽ പറഞ്ഞിരിക്കുന്ന രീതിയിലല്ല ലേഖനങ്ങളിൽ പറഞ്ഞിരിക്കുന്നത്, അത് മാറി "സഭ" എന്നു പറഞ്ഞിരിക്കുന്നു. "ദൈവരാജ്യം" എന്നതിനെ കുറിച്ചുള്ള ഉപദേശം, വാദഗതിക്കപ്പുറമുള്ളതാണ്.

**ശക്തിയെ** കുറിച്ചുള്ള ചോദ്യം വേദഭാഗത്തു തുടരുകയാണ്. ജീവിതങ്ങളെ മാറ്റുവാൻ ക്രിസ്തുവിന് ശക്തിയുണ്ട്. അതാണോ പൗലൊസ് ഇവിടെ അർത്ഥമാക്കിയത്? പരിശുദ്ധാത്മാവിന്റേയോ, അല്ലെങ്കിൽ ക്രിസ്തുവിന്റേയോ ശക്തി ഉൾക്കൊള്ളുന്ന ശക്തിയെ ആയിരിക്കുമോ ആലങ്കാരിക വാക്കുകളിൽ അവൻ ഇവിടെ പ്രസ്താവിച്ചത്? ആ ശക്തി എന്തു തന്നെ ആയിരുന്നാലും, പൗലൊസ് അത് ഉപയോഗിക്കുവാൻ തീരുമാനിച്ചിരുന്നു.

**വാക്യം 21**. ലിയോൺ മോറിസ് പറയുന്നതനുസരിച്ച്, പൗലൊസ് വരുമോ എന്നതായിരുന്നില്ല ചോദ്യം, പിന്നെയോ, [എങ്ങനെ] വരും എന്നതായിരുന്നു.[9] പൗലൊസ് കൊരിന്തിലേക്ക് വരുന്നത്, അവരെ ക്രിസ്തുവിന്റെ ഉപദേശത്തിൽ ഉറപ്പിക്കുക എന്ന ലക്ഷ്യവുമായിട്ടായിരിക്കും, **സ്നേഹത്തോടും സൗമ്യത**

**യോടും കൂടെ** അവിടെ ചെല്ലുവാനായിരുന്നു അപ്പൊസ്തലന് ഇഷ്ടം; പക്ഷെ **വടിയോടുകൂടെ** ശാസനയോടുകൂടെ പോകണമെങ്കിൽ, അവൻ അതിനും തയ്യാറായിരുന്നു. തന്റെ എതിരാളികളെ നിശബ്ദരാക്കുവാൻ അപ്പൊസ്തലൻ നിർബ്ബന്ധിതനായിരുന്നു.

## പ്രായോഗികത

### കാര്യവിചാരകത്വം

ക്രിസ്തു നേരിട്ടു നൽകിയ വ്യക്തിപരമായ ദൗത്യമായിരുന്നു അപ്പൊസ്തലത്വം എന്ന കാര്യവിചാരകത്വവം. അപ്പൊസ്തല ദൗത്യം യേശു മരിച്ച് ദശാബ്ദങ്ങളോളം നിലനിന്ന ഒന്നായിരുന്നു, എന്നാൽ കാര്യവിചാരകത്വം എന്നത് ക്രിസ്തുവിനെ ഏറ്റു പറയുകയും അനുസരിക്കുകയും ചെയ്യുന്ന ഓരോ വ്യക്തിയിലും നിക്ഷിപ്തമായ പ്രവൃത്തിയാണ്. കാര്യവിചാരകത്വം എന്നത് ഒരു സ്ഥാനമല്ല, മറിച്ച് പൗലൊസിന്റെ കാലത്തുള്ള ആളുകൾ ചെയ്തതുപപോലെയുള്ള പ്രവൃത്തികൾ കാലം ഉള്ളേടത്തോളം ചെയ്യേണ്ടതാണ്. "കാര്യവിചാരകൻ" എന്ന വാക്ക് തർജ്ജിമ ചെയ്ത ഗ്രീക്ക് വാക്ക് (οἰκονόμος, *ഓയികോണോമോസ്*), പൊതുവായ അർത്ഥം, ലൂക്കൊസ് 12:42-ൽ വ്യക്തമാക്കിയിരിക്കുന്നു, അവിടെ യേശു പറഞ്ഞത്, "തക്കസമയത്ത് തന്റെ ദാസന്മാർക്ക് ഭക്ഷണം നൽകേണ്ടതിന് ആക്കി വെച്ച വിശ്വസ്തനും ബുദ്ധിമാനുമായ ഗഹവിചാരകൻ ആർ? യജമാനൻ വരുമ്പോൾ അങ്ങനെ ചെയ്തു കാണുന്ന ദാസൻ ഭാഗ്യവാൻ." അവിശ്വസ്തനായ ഗൃഹവിചാരകനെ കുറിച്ചുള്ള ഒരു ഉപമ യേശു ലൂക്കൊസ് 16:1-12-ൽ പറയുന്നു. അതേ വാക്ക് ഗലാത്യർ 4:2-ൽ എൻഏഎസ്ബി തർജ്ജിമ ചെയ്തിരിക്കുന്നത് "മാനേജർമാർ" എന്നാണ്.

വലിയ തോട്ടങ്ങളുള്ള ഉടമസ്ഥന്മാർ, അവ നോക്കി നടത്തുവാനായി ദാസന്മാരെ നിയമിക്കുന്നത് കാണാം. കാര്യവിചാരകന്മാർക്ക് അതിൽ ഉടമസ്ഥാവകാശം ഒന്നുമില്ല. അവരെ ഏൽപിച്ച ജോലി ചെയ്യുക എന്നതാണ് അവരുടെ ഉത്തരവാദിത്തം. അപ്പൊസ്തലിക ഗൃഹവിചാരകത്വം ഒരു പ്രത്യേക തരത്തിലുള്ളതായിരുന്നു, പതിയ നിയമത്തിൽ "ഗൃഹവിചാരകത്വ്" വിസ്തൃതമായ അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്, അതായത് ക്രിസ്തീയ ഉത്തരവാദിത്തത്തെ കാണിക്കുകയാണ് ചെയ്തിരിക്കുന്നത്. ഉദാഹരണമായി, ക്രിസ്തുവിന്റെ സഭയുടെ ആത്മിയ മേൽനോട്ടം വഹിക്കുന്ന ഗൃഹവിചാരകന്മാരാണ് മൂപ്പന്മാർ (തിത്തൊ. 1:7). അവരുടെ ജോലി, വിശ്വാസികളെ ഉപദേശിക്കയും പ്രബോധിക്കയും, സ്വർഗത്തിലേക്കുള്ള പാത വ്യക്തമാക്കി കൊടുക്കയും ചെയ്യുക എന്നതായിരുന്നു. സഭയുടെ ദൗത്യം, ആരാധന, ഉപദേശം, പരിശീലനം എന്നിവ കൽപിക്കുവാനുള്ള അധികാരം സഭ വിലക്ക് വാങ്ങിയ കർത്താവിൽ നിക്ഷിപ്തമാണ്. സഭയിലുള്ള ഓരോരുത്തരും, അവന്റെ ഗൃഹവിചാരകന്മാരായി അവൻ നിയമിച്ചിരിക്കുന്നു.

മൂപ്പന്മാർ മാത്രമല്ല, ഗൃഹവിചാരകന്മാരായി പ്രവർത്തിക്കുന്നത്. അപ്പൊസ്തലന്മാരുടെ ദൗത്യമല്ല, എല്ലാ ക്രിസ്ത്യാനികളുടേയും പ്രവൃത്തികൾ. എല്ലാവരുടേയും പ്രവൃത്തികൾ ഒന്നല്ല താനും. ദൈവം നൽകിയിട്ടുള്ള താലന്തുകളും കഴിവുകളും ദൈവം കൊടുത്തിട്ടുള്ള പ്രാപ്തിയനുസരിച്ച് ഉപയോഗിക്കണം (1 പത്രൊ. 4:10). കാര്യവിചാരകത്വം സ്വീകരിക്കാതെ ആർക്കും ക്രിസ്തുവിൽ പ്രത്യാശയുള്ളവരായി തീരുവാൻ സാധ്യമല്ല. കർത്താവിനെ

സേവിക്കുന്നതും, ദൈവ വചനം സംസാരിക്കുന്നതും, അന്യോന്യം സ്നേഹിക്കുന്നതും, അതിഥിസൽക്കാരം നടത്തുന്നതുമെല്ലാം താലന്തുകളുടെ ഉപയോഗമാണെന്ന് പത്രൊസ് പ്രസംതാവിച്ചിരിക്കുന്നു. സാധാരണ പ്രവൃത്തികൾ നമ്മെ യോഗ്യമാക്കുന്നത്: അയൽക്കകാരെ ഞായറാഴ്ച്ച ആരാധനക്ക് ക്ഷണിക്കുന്നതും, രോഗികളെ സഹായിക്കുന്നതും, ആവശ്യമുള്ളവർക്ക് ആഹാരം പാചകം ചെയ്തു കൊടുക്കുന്നതും, പ്രതിസന്ധിയിലായ ക്രിസ്ത്യാനികളെ ഉത്തേജിപ്പിക്കുന്നതും എല്ലാം സേവനമാണ്. ദൈവം തന്റെ ജനത്തിന് വിവിധ കഴിവുകൾ നൽകിയിരിക്കുകയാണ്. പൗലൊസ് എഴുതി, "ഗൃഹവിചാരകന്മാരിൽ അന്വേഷിക്കുന്നതോ, അവർ വിശ്വസ്തരായയിരിക്കേണം എന്നത്രെ" (1 കൊ. 4:2).

## പ്രീച്ചർമാരും പ്രസംഗവും

ക്രിസ്തുവിന്റെ സഭയിലെ അംഗങ്ങളെ വഴി നടത്തുകയും, ഉപദേശിക്കയും, സേവിക്കയും ചെയ്യുന്ന കാര്യവിചാരം നടത്തുമ്പോൾ ബന്ധത്തിൽ കുഴപ്പവും അനിശ്ചിതത്വവും നേരിടും. യേശുവും അപ്പൊസ്തലന്മാരും നമ്മെ പഠിപ്പിച്ച ജീവിത പാതയിൽ, നാം നാം ഉപദേശിക്കയും ഓർമ്മിപ്പിക്കയും ചെയ്യുന്നതു മാതൃകാപരമായിട്ടായിരിക്കണം. അവർ ഈ സേവനം നടത്തുന്നത്, മൺശരീരത്തിൽ വസിച്ചുകൊണ്ടാകയാൽ, അവർ ബലഹീനരുമായിരിക്കും. ക്രിസ്ത്യാനികൾ, തങ്ങൾക്കിടയിൽ ശുശ്രുഷ ചെയ്യുന്നവരോട് ചിലർ ഉയർന്ന രീതിയിലും, വേറെ ചിലർ താഴ്ന്ന വിധത്തിലും പെരുമാറിയേക്കാം. ഉപദേഷ്ടാവ് പ്രസംഗിക്കുന്ന സന്ദേശം പ്രാസംഗികന്റെ ജീവിതത്തിൽ പ്രതീക്ഷിക്കുവാനുള്ള അവകാശം എല്ലാ ക്രിസ്ത്യാനികൾക്കുമുണ്ട്; പക്ഷെ അവർ കൃപയും, പാപമോചനവും മനസിലാക്കുന്നതിൽ പരാജയപ്പെട്ടാൽ, അല്ലെങ്കിൽ പൂർണ്ണത ആവശ്യപ്പെട്ടാൽ ആരിൽനിന്നും അതു ലഭിക്കുകയില്ല.

അംഗങ്ങൾ ഉപദേഷ്ടാക്കന്മാരെ തമ്മിൽ താരതമ്യം ചെയ്യുന്നത് ഒഴിവാക്കണം. ഒരു ഓഫീസില പ്രൊമോഷനു വേണ്ടി മൽസരിക്കുന്നവരെ പോലെയോ, അല്ലെങ്കിൽ കായിക മൽസരത്തിൽ പങ്കെടുക്കുന്നവരെ പോലെയോ താരതമ്യം ചെയ്യുന്നത് പ്രസക്തമല്ല. അത്തരം ലൗകികമായ ഒരു പ്രവണതയായിരുന്നു പൗലൊസും അപ്പല്ലൊസും കൊരിന്തിൽ നേരിട്ടത്. സഭയിൽ ചിലർ പൗലൊസിന്റേയും മറ്റു ചിലർ അപ്പല്ലൊസിന്റേയും പേരെടുത്ത് മൽസരിച്ചു. "നിങ്ങൾ ഒരുത്തന് അനുകൂലമായും മറ്റൊരുവന് പ്രതികൂലമായും ചീർത്തുപോകരുത്" എന്നാണ് അവൻ അവരോട് പറഞ്ഞത് (4:6). ഓരോരുത്തരും അവനവന്റെ രീതിയിൽ, അവരുടെ കഴിവനുസരിച്ച് പ്രവർത്തിക്കുകയായിരുന്നു; ഓരോരുത്തരുടെ അറിവു വ്യത്യസ്തമായിരിക്കാം, കഴിവും വ്യത്യസ്തമായിരിക്കാം; അതിനാൽ വാക്സാമർത്ഥ്യമുള്ളവരും അല്ലാത്തവരും കാണാം. ഓരോ അംഗവും അവനവന്റെ കഴിവിൽ നിന്നുകൊണ്ട് ഒന്നാം നൂറ്റാണ്ടിലും ഇന്നും പ്രവർത്തിക്കണം.

സ്പഷ്ടമായും, ചിലർ പൗലൊസിന്റെ പ്രസംഗ പാടവം എടുത്തു അപ്പല്ലൊസിനെതിരായി തിരിഞ്ഞു; വേറെ ചിലർ നേരെ തിരിച്ചും. ആളുകൾ തങ്ങൾക്ക് പ്രിയപ്പെട്ട ഉപദേഷ്ടാക്കന്മാരെ ഉപയോഗിച്ച് പക്ഷം ചേർന്ന് വിഭാഗീയത സൃഷ്ടിച്ചു. ഇന്ന് ചില സഭകളിൽ ഉള്ളതുപോലെ, ഓരോ പ്രസംഗത്തെയും മൽസരത്തിന് ഉപയോഗിച്ചു. ആരുടെ പ്രസംഗമാണ് കൂടുതൽ രസപ്രദം? ആരുടെ കഥകളാണ് കൂടുതൽ ബുദ്ധിപരം? ഉപദേഷ്ടാവ് പ്രയാ

സത്തിലായി. ഒരു ഉപദേഷ്ടാവ് വളരെ കുറച്ചു മാത്രം രസിപ്പിക്കുന്നവനാണെങ്കിൽ, ചിലർക്ക് അതിൽ മടുപ്പു തോന്നുവാൻ തുടങ്ങി. ഉപദേഷ്ടാവ് തന്റെ പ്രസംഗം രസിപ്പിക്കുവാനായി ഉപയോഗിക്കുമ്പോൾ, അയാൾ സന്ദേശത്തിന്റെ പ്രാധാന്യത്തെയും, ക്രിസ്തുവിന്റെ ഉപദേശത്തെയും അവഗണിച്ചേക്കാം.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന ഘട്ടത്തിൽ, തോമസ് ഹാർഡ് എന്നയാൾ ദ മേയർ ഓഫ് കാസ്റ്റർബ്രിഡ്ജ് എന്ന ഒരു നോവൽ എഴുതി. ഞായറാഴ്ച്ച ഉച്ചക്ക് ശേഷം ടൗണിലെ പൗരന്മാരെ വിവരിച്ച് കളിവാക്ക് ആയി അതിൽ ഇങ്ങനെ എഴുതി,

> ആളുകളുടെ സംഭാഷണം ആഴ്ച്ചയിലെ പ്രവൃത്തി ദിവസങ്ങളെ കുറിച്ച് ആയിരുന്നില്ല, ഒത്തൊരുമിച്ചുള്ള ശബ്ദമായി ഉയർന്നു കേട്ടത് മറ്റൊരു ദിവസത്തെ സംഭവമായിരുന്നു. ഒരു പ്രസംഗത്തെ കീറി മുറിച്ച്, അതിനെ ശരാശരിക്ക് മുകളിലും-ശരാശരിക്കു താഴെയുമായി തൂക്കി ചർച്ച ചെയ്തു. അത് ഒരു ശാസ്ത്രിയ സാഹസകൃത്യമായി എടുത്തായിരുന്നു സംസാരം, അവരുടെ ജീവിതവുമായി അതിനു യാതൊരു ബന്ധവുമില്ലായിരുന്നു, അവിടെ നടന്നത് വിമർശിക്കുന്നവരും വിമർശിക്കപ്പെടുന്നവരും തമ്മിലുള്ള വിശകലന ചർച്ചയായിരുന്നു.[10]

അത്തരം സാഹചര്യത്തെയാണ് ഉപദേഷ്ടാക്കന്മാർ അഭിമുഖീകരിക്കുന്നത് എന്നാണ് ഹാർഡി പറഞ്ഞത്. തന്റെ പ്രസംഗത്തിൽ നേരിട്ട നിരുൽസാഹത്തെ ജെയിംസ് മോണ്ഗോമറി ബോയ്സ് അടുത്ത കാലത്ത് പറഞ്ഞത് ഇപ്രകാരമായിരുന്നു:

> സഭ ഇന്നു തങ്ങളെ ആസ്വദിപ്പിക്കണമെന്ന് ആഗ്രഹിക്കുന്നവർ ചിലർ സഭയിൽ കാണുന്നു എന്നതു ഖേദകരമാണ്. വിജയകരമായിതീർന്നിരിക്കുന്നു എന്നു കാണുന്ന സഭകൾ മിക്കതും രസിപ്പിക്കുന്നവയാണ്. ദൈവത്തെ കാണുവാനോ അല്ലെങ്കിൽ, നമസ്ക്കാരം എങ്ങനെയാണെന്നു മനസിലാക്കി ഉല്കൃഷ്ടത ഗ്രഹിക്കുവാനോ അല്ല ശ്രമിക്കുന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, അവർ സഭയിൽ വരുന്നത് രസിക്കുവാനാണ്.
>
> ഉപദേഷ്ടാക്കന്മാർ, ദീർഘമായ പ്രസംഗം നടത്തുകയോ, വേദശാസ്ത്രപരമായവാക്കുകൾ ഉപയോഗിക്കയോ അരുത്. ആവശ്യമെന്നു തോന്നുന്ന വിധത്തിലായിരിക്കണം പ്രസംഗം. അത് രസാവഹവും, വ്യക്തിപരമായ കഥകൾ ഉൾപ്പെടുന്നതുമായിരിക്കണം.
>
> ദൈവം ആരെന്ന് അറിയുവാനും നമസ്ക്കാരം എന്തെന്നും എങ്ങനെയെന്നും ഗ്രഹിക്കുവാനും സഭ വീണ്ടും-കണ്ടുപിടിക്കണം. ബൈബിൾ എല്ലായ്പോഴും എടുത്തു കാണിക്കുന്നതും ഉപദേശിക്കുന്നതും അതു തന്നെയാണ്.[11]

സഭാ ജീവിതത്തിൽ സഹജമായ ഒന്നാണ് പ്രസംഗം (2 തിമൊ. 4:1, 2). സാധാരണ പ്രസംഗത്തേക്കാളുപരിയാണ് ഒരു ധർമ്മ പ്രഭാഷണം. അത് ആരാധനയും പുകഴ്ച്ചയുമാണ്. ദൈവിക ജീവിതത്തിന് സഭയിലുള്ളവരെ പ്രസംഗികർ തങ്ങളുടെ താലന്തുകൾ ഉപയോഗിച്ച് പ്രചോദിപ്പിക്കുകയാണ്. ഉപദേഷ്ടാക്കന്മാരിൽ നിന്നും ഏറ്റവും നല്ല പ്രകടനം സഭാംഗങ്ങൾക്ക് പ്ര

തീക്ഷിക്കാം, അതേസമയം ശുശ്രൂഷ ചെയ്യുന്നവർക്ക് ദൈവം നൽകിയ പ്രാപ്തിക്കനുസരിച്ച് മാത്രമെ പ്രവർത്തിക്കാൻ കഴിയു എന്ന കാര്യവും അവർ അംഗീകരിക്കണം. ഒരു ഉപദേഷ്ടാവിനേക്കാൾ മറ്റൊരു ഉപദേഷ്ടാവിനെ ഇഷ്ടപ്പെടുന്നവർ അതിന്റെ ഭാഗം തിരയുന്നത് ദൈവഹിതത്തിന് എതിരാണ്.

**താഴ്മക്കായി വിളിച്ചിരിക്കുന്നു**

താഴ്മ എന്നത് ശാന്തമായ ഒരു പ്രത്യേക ഗുണം ആണ്. അതിനെതിരായ അഹങ്കാരം. സ്വയത്തെ ഉപയർത്തിക്കാണിക്കുന്നു. പൗലൊസിന്റെ എതിരാളികൾ തങ്ങളെതന്നെ "ചീർത്തിരിക്കുന്നവർ" എന്നു കാണിക്കുന്നു. ജീവിതത്തിൽ ആളുകൾ വിജയിക്കുന്നോ ഇല്ലയോ എന്നതിന്റെ അടിസ്ഥാനത്തിലാണ് പൊതുവിൽ ആളുകൾ താഴ്മയുള്ളവരോ അല്ലെങ്കിൽ നിഗളം ഉള്ളവരെന്നോ വിലയിരുത്തുന്നത്. ഈ ലേഖനത്തിൽ പൗലൊസ് നിഗളികൾ എന്നു വിളിച്ചവർ ക്രിസ്തുവിന്റെ അപ്പൊസ്തലന്റെ വാക്കുകൾ ശ്രവിക്കുവാൻ കൂട്ടാക്കാത്തവരാണ്. അറുപത്തി-യഞ്ചു വർഷം ഒരുമിച്ചു കുടുംബജീവിതം നയിച്ച ഒരാൾ സ്നേഹത്തെ കുറിച്ചും, കുടുംബജീവിതത്തെ കുറിച്ചും പറയുന്നതിനേക്കാൾ ഒരു യുവാവ് ആ വിഷയത്തെ കുറിച്ചു പറയുന്നതിനോടാണ് അവർക്ക് യോജിപ്പ്. നമുക്ക് മുൻപ് നടന്നുപോയവരുടെ പാത പിൻപറ്റവുവാൻ ശ്രമിക്കുന്നതാണ് താഴ്മ.

ഒരാളുടെ ഇഷ്ടാനിഷ്ടങ്ങൾക്കും സ്വന്തം അഭിപ്രായങ്ങൾക്കും അത്യധികമായ മൂല്യം കൽപിക്കുന്ന മാനസികാവസ്ഥയാണ് ധാർഷ്ട്യം. അത് സാഹസികമായ ഒരു സ്വയ-വിശ്വാസമാണ്. ദൈവത്തെ അനുസരിക്കാതിരിപ്പാൻ ആദ്യ പുരുഷനും, സ്ത്രീയും എടുത്ത സമീപനം നിഗളമായിരുന്നു. ഫലത്തിൽ, അവരുടെ ഉള്ളിലെ വിചാരം, "നിന്റെ ഇഷ്ടം എന്തെന്ന് എനിക്ക് അറിയാം, പക്ഷെ ഞാൻ എന്റെ രീതിയിലേ അതു ചെയ്യു." അതിൽനിന്നു വ്യത്യസ്മതമാണ് താഴ്മ, സ്വയത്തെ ചോദ്യം ചെയ്യുന്നതും, മറ്റുള്ളവരുടെ മൂല്യത്തിന് മനസു കൊടുക്കുന്നതുമാണ്. ക്രിസ്തുവിനെ മുറുകെ പിടിച്ചിരിക്കുന്നവർ താഴ്മയെ ഒരു ഗുണമായി സ്വീകരിക്കും. സത്യം എങ്ങനെ ലഭിക്കുമെന്ന് അഞ്ചാം നൂറ്റാണ്ടിൽ, അഗസ്റ്റിൻ തന്റെ അഭിപ്രായം ഇങ്ങനെ പ്രകടിപ്പിച്ചു, "[ആദ്യ] വഴി ... താഴ്മയാണ്; രണ്ടാമത്തെ വഴി താഴ്മയാണ്, മൂന്നാമത്തെ വഴി താഴ്മയാണ്, എപ്പോഴൊക്കെ ചോദിച്ചാലും, എന്റെ ഉത്തരം അതു തന്നെയായിരിക്കും."[12]

താഴ്മയോടെ ഇരിക്കുക എന്നാൽ യഥാർത്ഥത്തിൽ, അത് ഒരു നിസാര കാര്യമല്ല. "തുടർച്ചയായ താഴ്മയുടെ പരിശീലനം നടത്തി പോകുന്ന ഊറിയ ഡീപ് ഓഫ് ഡേവിഡ് കൊപ്പർഫീൽഡ് പറഞ്ഞിരിക്കുന്നു."[13] അതല്ല വാസ്തവത്തിലുള്ള താഴ്മ. യേശു ശിഷ്യന്മാരുടെ കാലുകൾകൾ കഴുകിയതാണ് വാസ്തവത്തിലുള്ള താഴ്മ. അത് കർത്താവിന്റെ കൈകളിൽ ഇരിക്കുന്ന ശിശുവാണ്. അതു പൗലൊസിനെ മരണ ശിക്ഷ വിധിച്ചതും, "ലോകത്തിന് കൂത്തുകാഴ്ച്ചയുമാണ്." (4:9), തന്റെ പ്രവചനദൗത്യത്തിനു വിളിക്കപ്പെട്ട യിരെമ്യാവിനെ അത് അസ്വസ്ഥമാക്കി, അതിനാൽ അവന്റെ പ്രസംഗത്തെ തന്നെ തളർത്തിക്കളഞ്ഞു. അത് വേദനിപ്പിക്കുന്നതും, ചോദ്യം ചെയ്യപ്പെടുന്നതും, അപ്പോഴും ദൈവത്തിൽ ആശ്രയിക്കുന്നതുമാണ്. കൊരിന്തിൽ പൗലൊസിനെ വിമർശിച്ചവർ ദൈവത്തിന് കീഴ്പ്പെടുന്നവരുടെ മേൽ തങ്ങളുടെ സ്വന്ത പ്രതാപം ഉയർത്തിക്കാണിക്കുവാനാണ് ശ്രമിച്ചത്. അവരുടെ അഭക്തമായ പ്രവൃത്തികൾ സഭയിൽ തെറ്റിദ്ധാരണ പരത്തി.

കുറിപ്പുകൾ

[1]ആ വാക്കിന്റെ എറ്റിമോളജി താഴ്ന്ന പ്രതലത്തിലേക്ക് നീങ്ങുന്ന ഗ്രീക്ക് യുദ്ധക്കപ്പൽ "ട്രിരേമെ" എന്നതിലേക്കാണ് വിരൽ ചുണ്ടുന്നത്. പക്ഷെ പൗലൊസി ഇവിടെ പറഞ്ഞിരിക്കുന്നത് "അണർ റോവർ" എന്ന അർത്ഥത്തിലാണോ എന്ന കാര്യം സംശയാസ്പദമാണ്. (കാൾ എച്ച്. റെങ്സ്റ്റോർഫ്, "ὑπηρέτης" *ഇൻ തിയോളജിക്കൽ ഡിസ്ക്കവറി ഓഫ് ദ ന്യു ടെസ്റ്റമെന്റ്*. എഡി. ഗെഹോർഡ് ഫ്രിയെഡ്റിച്ച്, ട്രാൻസ് ആന്റ് എഡി. ജെഫ്രി ഡബ്ലിയു. ബ്രോംലേ [ഗ്രാന്റ് റാപ്പിഡ്സ്, മൈക്: ഡബ്ലിയു എം. ബി. ഏർഡ്മാൻസ് പബ്ലലിഷിങ് കമ്പനി., 1972], 8:533.) [2]ബെൻ വില്ലിങ്ടൻ III, *കോൺഫ്ലിക്ട് ആന്റ് കമ്മൂണിറ്റി ഇൻ കോരിന്ത്*: ഏ *സോഷ്യോ-റിറ്റോറിക്കൽ കമെന്ററി ഓൺ 1 ആന്റ് 2 കൊരിന്ത്യൻസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1995), 137. [3]ഈ വാക്കിന്റെ ഗ്രീക്ക് വാക്ക് ἔσχατος (*എസ്കാറ്റോസ്*), അർത്ഥം, പഠനം അവസാനത്തിലേക്ക് കടക്കുന്നതിനാൽ "അവസാനം" എന്നാണ്. [4]വാൾട്ടർ ബാവർ, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യുടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്ത്യൻ ലിറ്ററേച്ചർ*, 3ഡ് എഡി., റെവ. ആന്റ് എഡി. ഫ്രെഡറിക് വില്യംഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 642. [5]അഡാപ്റ്റഡ് ഫ്രം ഫീ, 171. [6]ഇത് മനസിലാക്കുന്നതിന് സഹായകരമായ പുസ്തകമാണ് ആന്റണി സി. തിസെൽട്ടന്റെ "റിയലൈസ്ഡ് എസ്കാറ്റോളജി അറ്റ് കൊരിന്ത്." *ന്യൂ ടെസ്റ്റമെന്റ്സ്റ്റഡീസ്* 24 (ജൂലയ് 1978): 510-26. [7]സാധാരണ തൊഴിലിനെ അവർ കണ്ടത്, ഒരു ശാപമായിട്ടാണ്; അത് അടിമകൾക്ക് മാത്രമുള്ളതാണ് എന്നായിരന്നു അവരുടെ വിശ്വാസം. (റോജർ ബി. ഹിൽ, "ഹിസ്റ്റോറിക്കൽ കോണക്സ്റ്റ് ഓഫ് ദ വർക് എതിക്," 1999, ആക്സെസ്ഡ് ജൂലയ് 2, 2015, വർക്എതിക്.ഉഗ.എഡു/ഹിസ്റ്ററി പിഡിഎഫ്.) [8]ഡൊണാൾഡ് ഏ. കാർസൺ, *ഫ്രം ട്രയംഫലിസ്റ്റ് ടു മെച്ചുരിറ്റി*: *ആൻ എക്സിപൊസിഷൻ ഓഫ് 2 കൊരിന്ത്യൻസ് 10-13* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്: ബേക്കർ ബുക്ക്ഹൗസ്, 1984), 2. [9]ലിയോൺ മോറിസ്, *ദ ഫസ്റ്റ് എപ്പിസ്റ്റൽ ഓഫ് പോൾ ടു ദ കൊരിന്ത്യൻസ്*, റെവ. എഡി., ദ ടിൻടെയിൽ ന്യുടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1985), 82. [10]തോമസ് ഹാർഡി, *ദ മേയർ ഓഫ് കെയിംബ്രിഡ്ജ്*, ന്യു എഡി. (ലണ്ടൻ: സാംസൺലോ, മാഴ്സ്റ്റൺ, സേർലേ, ആന്റ് റിവിങ്ടൺ, 1887), 309.

[11]ജയിംസ് മോൺഗോമറി ബോയിസ്, "എക്സ്പൊസിഷൻ നോട് എന്റർടെയിൻമെന്റ്," *ലീഡർഷിപ്* 14 (സ്പ്രിങ് 1993), 27. [12]അഗസ്റ്റിൻ *ലെറ്റേഴ്സ്* 118.22. [13]ചാൾസ് ഡിക്കെൻൻസ്, *ഡേവിഡ് കോപ്പർഫീൽഡ്*, ദ വർക്സ് ഓഫ് ചാൾസ് ഡിക്കൻസ്, വാല്യം. 14 (ന്യു യോർക്: ചാൾസ് സ്ക്രിബ്നേഴ്സ് സൺസ്, 1899), 280.